കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

മൈലപ്ര ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2023-2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം

പത്തനംതിട്ട-689645

ഇ-മെയിൽ: dopta.ksad@kerala.gov.in

ഫോൺ : 0468-2223691

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSAPTA /P9/778/2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645
തീയ്യതി: 31/07/2024
ഇ-മെയിൽ:
dopta.ksad@kerala.gov.in
ഫോൺ: 0468-2223691

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മൈലപ്ര ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : മൈലപ്ര ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മൈലപ്ര ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക്

ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, പത്തനംതിട്ട.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSAPTA /P9/778/2024 തീയ്യതി: 31/07/2024

പത്തനംതിട്ട ജില്ലയിലെ മൈലപ്ര ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13** , **1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പത്തനംതിട്ട ജില്ലയിലെ മൈലപ്ര ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-10-2023 മുതൽ 30-06-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 16 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 13 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 25-07-2024 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ

വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ. അനിൽകുമാർ റ്റി.	ഡെപ്യൂട്ടി ഡയറക്ടർ	19-07-2024	26-07-2024

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
19-07-2024	26-07-2024

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.മുഹ്സിൻ ഫൈസൽ, ഓഡിറ്റ് ഓഫീസർ
ശ്രീ. ഹരികുമാർ എം, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി സ്മിത റ്റി, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി സിന്ധുമോൾ വി.എൻ, ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി രജനി ജോസഫ്	പ്രസിഡന്റ്	01-04-2023	31-03-2024
ശ്രീ. സൈമൺ വർഗ്ഗീസ്	സെക്രട്ടറി	01-04-2023	14-12-2023
ശ്രീമതി ബിന്ദു എ. ജോയി	സെക്രട്ടറി	15-12-2023	31-03-2024

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ. ബിജു ബി.	അസിസ്റ്റന്റ് സെക്രട്ടറി	01-04-2023	05-07-2023
ശ്രീമതി സബീന റ്റി.കെ.	ഹെഡ്ക്ലാർക്ക് (ചാർജ്ജ്)	06-07-2023	19-07-2023
ശ്രീമതി കെസി എം.റ്റി.	അസിസ്റ്റന്റ് സെക്രട്ടറി	20-07-2023	31-03-2024
ശ്രീമതി സുലജ ജി.	അസിസ്റ്റന്റ് എഞ്ചിനീയർ	01-04-2023	10-07-2023
ശ്രീമതി കാഞ്ചന രാജ്	അസിസ്റ്റന്റ് എഞ്ചിനീയർ	11-07-2023	31-03-2024
ശ്രീമതി നിമിഷ സാറാ ജയിംസ്	കൃഷി ഓഫീസർ	01-04-2023	31-03-2024

ശ്രീമതി സൂസൻ പി. ഐസക്	വെറ്റിനറി സർജൻ	01-04-2023	31-03-2024
ഡോ. ഷെറിൻ ജോസ്	മെഡിക്കൽ ഓഫീസർ, പി.എച്ച്.സി.	01-04-2023	31-07-2023
ഡോ. അമല സൂസൻ സക്കറിയ	മെഡിക്കൽ ഓഫീസർ, പി.എച്ച്.സി	01-08-2023	31-03-2024
ഡോ. അനിത വി.	മെഡിക്കൽ ഓഫീസർ (ആയുർവേദം)	01-04-2023	31-08-2023
ഡോ. വഹീദ റഹ്മാൻ	മെഡിക്കൽ ഓഫീസർ (ആയുർവേദം)	01-09-2023	12-02-2024
ഡോ. കാർത്തിക കെ.എൽ.	മെഡിക്കൽ ഓഫീസർ (ആയുർവേദം)	13-02-2024	31-03-2024
ഡോ. ജോവി ജോൺ	മെഡിക്കൽ ഓഫീസർ (ഹോമിയോ)	01-04-2023	31-03-2024
ശ്രീമതി സൗമ്യ ഉത്തമൻ	ഐ.സി.ഡി.എസ്. സൂപ്പർവൈസർ	01-04-2023	30-06-2023
ശ്രീമതി നീതു ഷാരോൺ	ഐ.സി.ഡി.എസ്. സൂപ്പർവൈസർ	01-07-2023	27-09-2023
ശ്രീമതി ദീപിക എസ്.	ഐ.സി.ഡി.എസ്. സൂപ്പർവൈസർ	28-09-2023	31-03-2024
ശ്രീമതി ശാരിക സി.ജി.	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ	01-04-2023	13-08-2023

ശ്രീമതി ആശദേവി പി.	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ	14-08-2023	31-03-2024
ശ്രീമതി നീതു കൃഷ്ണൻ	ഡയറി ഫാം ഇൻസ്ട്രക്ടർ	01-04-2023	31-03-2024
ശ്രീ. സുരേഷ്കുമാർ	ഫിഷറീസ് ഓഫീസർ	01-04-2023	31-03-2024

ഉള്ളടക്കം

ക്രമ നം	ഭാഗം 1	ഖണ്ഡിക നമ്പർ
1	ഓഡിറ്റ് സർട്ടിഫിക്കറ്റ്	1-1
2	അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല	1-1-1
3	ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല	1-1-2
4	ബാങ്ക് നീക്കിയിരിപ്പ് തുക-അക്കൗണ്ടുമായി ബന്ധപ്പെട്ട രേഖകൾ ഇല്ല	1-1-3
5	ഡിമാന്റ് എൻട്രികൾ സമയ ബന്ധിതമായി രേഖപ്പെടുത്തുന്നില്ല	1-1-4
6	രജിസ്റ്ററിൽ പ്രതിമാസ പൊരുത്തപ്പെടുത്തലുകൾ നടത്തുന്നില്ല	1-1-5
7	"Prior Period Item"-അംഗീകരിക്കപ്പെട്ട വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സൂക്ഷിച്ചിട്ടില്ല	1-1-6
8	നിക്ഷേപ തുകകൾ മുതൽ കൂട്ടിയില്ല	1-1-7
9	ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല	1-1-8
10	ബജറ്റ്	1-2
11	സാമ്പത്തിക നില	1-3
12	ഗ്രാന്റ് വിനിയോഗം	1-4
13	പദ്ധതി അവലോകനം	1-5
14	ദേശീയ തൊഴിലുറപ്പ് പദ്ധതി	1-6
15	ക്ഷേമ പെൻഷൻ	1-7
16	ക്യാഷ് ബാലൻസ് പരിശോധന	1-8

17	ആഭ്യന്തര നിയന്ത്രണം	1-9
18	മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം	1-10
19	പഞ്ചായത്തിന്റെ സാമ്പത്തിക നില - റവന്യൂ കമ്മി തുടരുന്നു	1-11
20	രസീത് ബുക്കുകളുടെ പരിപാലനം - അപാകങ്ങൾ	1-12
21	വാടക - കരാർ ചമയ്ക്കുന്നില്ല	1-13
22	തൊഴിൽ നികുതി പിരിവ് കാര്യക്ഷമമല്ല	1-14
23	കാലഹരണപ്പെട്ട നിക്ഷേപം പഞ്ചായത്ത് ഫണ്ടിലേയ്ക്ക് മുതൽക്കൂട്ടിയില്ല	1-15
24	ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ രജിസ്ട്രേഷനില്ലാതെ പ്രവർത്തിക്കുന്നു	1-16
25	വസ്തു നികുതി കുടിശ്ശിക പൂർണ്ണമായും പിരിച്ചെടുത്തില്ല	1-17
26	അൺ എയ്ഡഡ് സ്കൂളിന്റെ വസ്തുനികുതി അസസ്സ് ചെയ്തെങ്കിലും ഈടാക്കിയിട്ടില്ല	1-18
27	സേവന ഉപനികുതി ഈടാക്കാത്തതിനാൽ പഞ്ചായത്തിന് വരുമാന നഷ്ടം	1-19
28	ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു	1-20
29	തനത് പിരിവ് ശതമാനം കുറഞ്ഞു, ആനുപാതികമായ തുക വികസന ഫണ്ടിൽ നിന്നും കുറവ് ചെയ്തു	1-21
30	പെൻഷൻ കോൺട്രിബ്യൂഷൻ, ലൈബ്രറി സെസ്സ് എന്നിവ ഒടുക്കാൻ അവശേഷിക്കുന്നു	1-22
31	ദുരിതാശ്വാസനിധി രൂപീകരിച്ചിട്ടില്ല	1-23
32	വന്യമൃഗങ്ങളിൽ നിന്ന് സംരക്ഷണത്തിന് വേലി - ചെലവ് ശതമാനം കുറവ്	1-24

33	വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് - തുക അനുവദിച്ചതിൽ തുല്യ പരിഗണന നൽകിയില്ല	1-25
34	ഒരേ ഭക്ഷ്യ വസ്തുവിന് വ്യത്യസ്ഥ നിരക്കിൽ തുക ഈടാക്കി	1-26
35	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ പദ്ധതികൾ നടപ്പാക്കിയില്ല	1-27
36	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണം നടത്തിയ പദ്ധതികളിൽ ചെലവ് കുറവ്	1-28
37	പദ്ധതി നിർവ്വഹണം - സെക്രട്ടറി നടപ്പാക്കാത്ത പദ്ധതികൾ	1-29
38	അസിസ്റ്റന്റ് എഞ്ചിനീയർ 43.39 ലക്ഷം രൂപ അടങ്കലുള്ള 19 പ്രോജക്റ്റുകൾ പൂർത്തീകരിച്ച് ധനവിനിയോഗം നടത്തിയില്ല	1-30
39	ഐ.സി.ഡി.എസ്. സൂപ്പർവൈസർ ആവിഷ്ക്കരിച്ച 4 പ്രോജക്റ്റുകൾ നടപ്പാക്കിയില്ല	1-31
40	വനിതാ ഘടകപദ്ധതി- നിർദ്ദേശങ്ങൾ പാലിക്കുന്നില്ല	1-32
41	ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ - ഹരിതകർമ്മസേനാ പ്രവർത്തനം - അവലോകനം	1-33
42	വിവിധ പദ്ധതികൾ പ്രകാരം മരുന്നുകൾ ലഭ്യമാക്കാൻ അവശേഷിക്കുന്നു	1-34
ഭാഗം 2		
--- No Records Found ---		
ഭാഗം 3		
--- No Records Found ---		
ഭാഗം 4		
1	സംയുക്ത പ്രോജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം	4-1
2	നിക്ഷേപ പ്രവൃത്തികൾ	4-2

3	മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ	4-3
4	വായ്പ / വായ്പാതിരിച്ചടവ്	4-4
5	സ്ഥിര നിക്ഷേപം	4-5
6	ഓഡിറ്റ് റിക്കവറി	4-6
7	സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശങ്ങൾ	4-7
8	ചാർജ്/സർചാർജ് നടപടികളിലൂടെ നഷ്ടം ഈടാക്കിയതിന്റെ വിവരം	4-8
9	ഓഡിറ്റ് പ്രത്യവലോകനം	4-9
10	തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ	4-10
അനുബന്ധം		
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	

ഭാഗം -1
പൊതു അവലോകനം

1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I. കേരള പഞ്ചായത്ത് രാജ് ആക്റ്റ് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാനവൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെൻറ്/കേന്ദ്ര ഗവൺമെൻറ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 20/05/24-ലെ 1(1) നമ്പർ കമ്മിറ്റി തീരുമാന പ്രകാരം തയ്യാറാക്കി 21-05-2024 ൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള മൈലപ്ര ഗ്രാമപഞ്ചായത്തിന്റെ 2024 മാർച്ച് 31-ന് അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെൻറ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31-03-2024 വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്തു നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോടുകൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റു നിരീക്ഷണങ്ങൾക്ക് വിധേയമായി, മൈലപ്ര ഗ്രാമപഞ്ചായത്തിന്റെ 2023-24 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

പത്തനംതിട്ട ഡെപ്യൂട്ടി ഡയറക്ടർ
31-07-2024

1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല

കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 62 പ്രകാരമുള്ള അടിസ്ഥാന അനുപാത കണക്ക് (Ratios), സെക്രട്ടറിയുടെ കുറിപ്പുകൾ (Notes On Accounts) എന്നിവ വാർഷിക കണക്കുകളോടൊപ്പം സമർപ്പിച്ചിട്ടില്ല.

1-1-2 ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

വാർഷിക കണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2023-24 കാലയളവിലെ "Net Increase In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 3728516 രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2023-24

കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 628947 രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിംഗ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ തുകകൾ പൊരുത്തപ്പെടുന്നില്ല.

1-1-3 ബാങ്ക് നീക്കിയിരിപ്പ് തുക-അക്കൗണ്ടുമായി ബന്ധപ്പെട്ട രേഖകൾ ഇല്ല

വാർഷിക ധനകാര്യ പത്രിക പ്രകാരം (B-17) ട്രഷറി അക്കൗണ്ട് ഓഫ് ട്രഡീഷണൽ ഫംഗ്ഷൻസ് ഫണ്ട് എന്ന അക്കൗണ്ടിൽ 8594 രൂപ നീക്കിയിരിപ്പുണ്ട്. എന്നാൽ പ്രസ്തുത അക്കൗണ്ടുമായി ബന്ധപ്പെട്ട രേഖകൾ ഹാജരാക്കിയില്ല.

1-1-4 ഡിമാന്റ് എൻട്രികൾ സമയ ബന്ധിതമായി രേഖപ്പെടുത്തുന്നില്ല

അക്രൂവൽ അടിസ്ഥാനത്തിലുള്ള വരവിനങ്ങളുടെ ഡിമാന്റ് എൻട്രികൾ വർഷാരംഭത്തിൽ തന്നെ രേഖപ്പെടുത്തേണ്ടതും, തുടർന്ന് എല്ലാ മാസങ്ങളിലും ആയവ പുതുക്കേണ്ടതുമാണ്. എന്നാൽ ഇത്തരത്തിലുള്ള മുഴുവൻ വരവിനങ്ങളുടെയും ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തിയിട്ടുള്ളത് 31.03.2024 തീയതിയിൽ മാത്രമാണ് (ഉദാ. വസ്തു നികുതി, തൊഴിൽ നികുതി, ലൈസൻസ്, വാടക).

1-1-5 രജിസ്റ്ററിൽ പ്രതിമാസ പൊരുത്തപ്പെടുത്തലുകൾ നടത്തുന്നില്ല

വരവ് രജിസ്റ്ററുകൾ പ്രതിമാസം ക്ലോസ് ചെയ്ത് ലഡ്ജർ ബാലൻസുമായി പൊരുത്തപ്പെടുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണെങ്കിലും, വരവ് രജിസ്റ്ററുകൾ പ്രതിമാസം അതത് ലെഡ്ജർ ബാലൻസുകളുമായി പൊരുത്തപ്പെടുത്തിയിട്ടില്ല. വർഷാന്ത്യത്തിൽ രജിസ്റ്ററുകളിൽ സംക്ഷിപ്തം തയ്യാറാക്കി അതത് വരവിനങ്ങളുമായി പൊരുത്തപ്പെടുത്തിയിട്ടില്ല.

1-1-6 "Prior Period Item"-അംഗീകരിക്കപ്പെട്ട വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സൂക്ഷിച്ചിട്ടില്ല

ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് I-19 പ്രകാരം Prior Period Income എന്ന ശീർഷകത്തിൽ ഉൾപ്പെടുന്ന ചുവടെ ചേർക്കുന്ന ലെഡ്ജറുകളിൽ ജേണൽ വൗച്ചർ മുഖേന വരുമാനമായി

ക്രമീകരിച്ചിരിക്കുന്ന തുകകൾക്ക് അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് അനുബന്ധമായി നൽകുന്ന വർക്ക്ഷീറ്റുകളോ, ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകളുടെ കൃത്യത ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

190100101	Prior Period Income – Property Tax	1,62,370
190100102	Prior Period Income - Other Incomes	1,51,020

1-1-7 നിക്ഷേപ തുകകൾ മുതൽ കൂട്ടിയില്ല

ഷെഡ്യൂൾ ബി-7: Deposits Received - കാലഹരണപ്പെട്ട നിക്ഷേപ തുകകൾ 'ഫോർഫീറ്റ്' ചെയ്ത് റവന്യു ഹെഡിലേക്ക് മാറ്റിയിട്ടില്ല.

1-1-8 ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല

ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. ബാലൻസ് ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കിയിട്ടുള്ളത്.

1-2 ബജറ്റ്

2023-24 സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റ് 24.03.2023 തീയതിയിലെ 1(1) നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. 2784758 രൂപ മുന്നിരിപ്പും 100922325 രൂപ പ്രതീക്ഷിത വരവും 100354825 രൂപ പ്രതീക്ഷിത ചെലവും 3352258 രൂപ പ്രതീക്ഷിത നീക്കിയിരിപ്പും ഉള്ള ബജറ്റാണ് അംഗീകരിച്ചിട്ടുള്ളത്. പുതുക്കിയ ബജറ്റ് 29.01.2024 തീയതിയിലും അംഗീകരിച്ചിട്ടുണ്ട്.

1-3 സാമ്പത്തിക നില

ഇനം	റസീറ്റ് & പേയ്മെന്റ് പത്രിക പ്രകാരം	ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം

മുന്നിരിപ്പ്	5710309	--
ഓഡിറ്റ് വർഷത്തെ വരവ്	24324915	63105253
ആകെ വരവ്	30035224	--
ഓഡിറ്റ് വർഷത്തെ ആകെ ചെലവ്	20596399	63227981
നീക്കിയിരിപ്പ്	9438825	--

1-4 ഗ്രാന്റ് വിനിയോഗം

ഫണ്ടിനം	മുന്നിരിപ്പ്	വരവ് (അലോട്ട്മെന്റ് ലഭിച്ചത്)	ആകെ	ചെലവ്	നീക്കിയിരിപ്പ്	ലാപ്സായ തുക
വികസന ഫണ്ട്-ജനറൽ	ഇല്ല	8532810	8532810	7570458	--	962352
വികസന ഫണ്ട് – എസ്.സി.പി.	,,	2842000	2842000	2642000	--	200000
വികസന ഫണ്ട് – റ്റി.എസ്.പി.	Xx	Xx	Xx	Xx	Xx	Xx
ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്)	1289814	1331757	2621571	1037401	1584170	Xx
ധനകാര്യ കമ്മീഷൻ ഗ്രാന്റ് (അൺ-ടൈഡ്)	668464 പലിശ	1427000 81875	2177339	1179219	998120	Xx
മെയിന്റനൻസ് ഗ്രാന്റ് - റോഡ്	,,	1712600	1712600	1705937	Xx	6663
മെയിന്റനൻസ് ഗ്രാന്റ് - നോൺ റോഡ്	,,	3715350	3715350	3161467	Xx	553883

ലൈഫ് -സംസ്ഥാനം വിഹിതം	800000	1700000	2500000	2300000	200000	--
ഐ.സി.ഡി.എസ്.	683497	319657	1003154	127088	876066	--
എം.ജി.എൻ.ആർ.ഇ.ജി.എസ്	4279	12363604	12367883	12367883	0	--
ഹെൽത്ത് ഗ്രാന്റ്	211872	892772	1104644	381532	723112	--
പി.ബി.ഐ.ജി.	23094	--	23094	23000	94	--
സ്വച്ഛ് ഭാരത് മിഷൻ ഗ്രാന്റ്	291618	173000	464618	357252	107366	
ഉറവിട മാലിന്യ സംസ്കരണം	866580	--	866580	--	866580	

<u>കുറിപ്പ്:</u>

1. G.0(Rt) No.179/2022/Fin തീയതി 18-10-2022 പ്രകാരം, തികുതി പിരിവ് കുറഞ്ഞതിനാൽ ആകെ വിഹിതത്തിൽ നിന്നും (ജനറൽ) 86190 രൂപ കുറവ് വരുത്തിയിട്ടുണ്ട്.

സ്ഥാപനം ലഭ്യമാക്കിയ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ, വിവിധ വിഭാഗങ്ങളിൽനിന്നും സ്രോതസ്സിൽ കുറവ് ചെയ്ത തുക വരവിൽ (അലോട്ട്മെന്റ്) ഉൾപ്പെട്ടിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ഫണ്ട്	ഇനം (സോഴ്സ് ഡിഡക്ഷൻ)	വരവ് തുക
വികസന ഫണ്ട്-ജനറൽ	ലൈഫ് മിഷൻ വായ്പ തിരിച്ചടവ്	289749
,,	അങ്കണവാടി അധിക വേതനം	613200
വികസന ഫണ്ട്-എസ്.സി.പി	ലൈഫ് മിഷൻ വായ്പ തിരിച്ചടവ്	167397

<u>1-5 പദ്ധതി അവലോകനം</u>

2023-24 സാമ്പത്തിക വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ

ചേർക്കുന്നു.

അംഗീകാരം ലഭിച്ചത് (എണ്ണം)	പദ്ധതി അടങ്കൽ	നടപ്പാക്കിയത് (എണ്ണം)	പദ്ധതി ചെലവ്	നടപ്പാക്കാത്തവ (എണ്ണം)	നടപ്പാക്കിയ പ്രോജക്ടുകളുടെ ശതമാനം
143	45141086	107	23877413	36	74.8

നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കിയ പദ്ധതികളുടെ വിവരം

നിർവ്വഹണ ഉദ്യോഗസ്ഥൻ	ആവിഷ്കരിച്ച പ്രോജക്ടുകൾ	നടപ്പിലാക്കിയ പ്രോജക്ടുകൾ	അടങ്കൽ	ചെലവ്	%
കൃഷി ഓഫീസർ	7	7	1970166	1164350	59.09
വെറ്ററിനറി സർജൻ	7	6	1112200	800300	71.95
മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.)	5	5	2056161	1275990	62.05
മെഡിക്കൽ ഓഫീസർ (ആയുർവേദം)	2	1	500000	300000	60
മെഡിക്കൽ ഓഫീസർ (ഹോമിയോ)	1	1	200000	200000	100

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ	18	13	18793180	7493123	39.87
ഐ.സി.ഡി.എസ് സൂപ്പർ വൈസർ	8	4	2652260	1149627	43.34
ഡയറി എക്സ്റ്റൻഷൻ ഓഫീസർ	1	1	220622	174507	79.09
സെക്രട്ടറി	30	24	3051780	2989482	97.95
അസിസ്റ്റന്റ് സെക്രട്ടറി	9	9	1041900	876335	84.10
അസിസ്റ്റന്റ് എഞ്ചിനിയർ	55	36	13542817	7453699	55.03
ആകെ	143	107	45141086	23877413	52.89

1-6 ദേശീയ തൊഴിലുറപ്പ് പദ്ധതി

ഇനം	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്
തൊഴിലാളികളുടെ വേതനം	0	11294373	11294373	11294373	0
ഭരണച്ചെലവ്	4279	747540	751819	751819	0
ആകെ	4279	12041913	12046192	12046192	0

1-7 ക്ഷേമ പെൻഷൻ

പെൻഷൻ ഇനം	ഗുണഭോക്താക്കളുടെ എണ്ണം	ചെലവ് തുക

വാർദ്ധക്യകാല പെൻഷൻ	940	9,890,700
വിധവാ പെൻഷൻ	338	3,589,200
കർഷക തൊഴിലാളി പെൻഷൻ	95	1,113,000
മാനസിക/ശാരീരിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള പെൻഷൻ	97	2,046,200
അവിവാഹിതരായ 50 വയസ്സിന് മുകളിലുള്ള സ്ത്രീകൾക്കുള്ള പെൻഷൻ	12	1,23,200

1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 23.07.2024, 4.00 PM-ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 31011 രൂപ (മുപ്പത്തിഒന്നായിരത്തി പതിനൊന്ന് രൂപ) നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണം പൊതുവെ തൃപ്തികരമാണ്. ഓഫീസ് ഉത്തരവ് പ്രകാരം ജോലി വിഭജിച്ച് നൽകുകയും കൃത്യമായ ഇടവേളകളിൽ മേലുദ്യോഗസ്ഥർ പരിശോധന നടത്തുകയും ചെയ്യുന്നുണ്ട്. ഫ്രണ്ട് ഓഫീസ് സംവിധാനവും തൃപ്തികരമാണ്. സ്ഥലസൗകര്യമില്ലാത്തത് പഞ്ചായത്തിന്റെ പ്രവർത്തനത്തെ ബാധിക്കുന്നുണ്ട്. സംസ്ഥാനപാതവക്കിൽ കേവലം മൂന്ന് സെന്റ് സ്ഥലത്തുള്ള കെട്ടിടത്തിൽ ജനപ്രതിനിധികൾക്കുള്ള ഇരിപ്പിടങ്ങൾപോലും സജ്ജീകരിക്കാൻ സാധിച്ചിട്ടില്ല.

2022-23 വർഷം നികുതി പിരിവ് നിശ്ചിത ശതമാനത്തിലെത്താതിരുന്നതിനാൽ 2023-24 വർഷം

വികസന ഫണ്ടിൽ നിന്നും 86,190 രൂപ കുറവ് ചെയ്തിട്ടുണ്ട്. ഓഡിറ്റ് വർഷം നികുതി പിരിവ് 90% മുകളിൽ നേടാൻ കഴിഞ്ഞിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ നല്ലൊരു ശതമാനം വീട്ടുടമകളും വിദേശത്തായതിനാൽ, വീടുകൾ അടഞ്ഞു കിടക്കുന്ന സന്ദർഭത്തിൽപോലും നികുതി പിരിവ് ഉയർന്ന ശതമാനത്തിലെത്തിയത് ജീവനക്കാരുടെയും, ഭരണ സമിതിയുടെയും ശ്രമഫലമായാണ്.

ഗ്രാമപഞ്ചായത്തിൽ നാളിതുവരെയായും ദുരിതാശ്വാസ ഫണ്ട് രൂപീകരിച്ചിട്ടില്ല. ഇതുസംബന്ധിച്ച് മുൻവർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശമുണ്ടെങ്കിലും തുടർനടപടികൾ സ്വീകരിച്ചതായി കാണുന്നില്ല. ഫണ്ടിന്റെ അഭാവം മൂലം അസി.എഞ്ചിനീയർ ഉൾപ്പെടെയുള്ള നിർവ്വഹണ ഉദ്യോഗസ്ഥർ നിർവ്വഹണം നടത്തിയ ഏതാനും പ്രോജക്ടുകൾക്ക് തൻവർഷം തുക ചെലവഴിക്കാൻ സാധിച്ചില്ല.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

ഓഡിറ്റ്	ഓഡിറ്റ് നടത്തിയ തീയതി	ഓഡിറ്റ് കാലയളവ്	റിപ്പോർട്ട് ലഭിച്ച തീയതി
അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ്	25.04.2019	2014-15 മുതൽ 2018-19 വരെ	26.08.2019
പെർഫോമൻസ് ഓഡിറ്റ്	25.10.2021-26.10.2021	02/2020 മുതൽ 03/2021 വരെ	ലഭിച്ചിട്ടില്ല

1-11 പഞ്ചായത്തിന്റെ സാമ്പത്തിക നില - റവന്യൂ കമ്മി തുടരുന്നു

ഗ്രാമപഞ്ചായത്തിന്റെ 2022-23, 2023-24 സാമ്പത്തിക വർഷങ്ങളിലെ തനത് വരവ്-ചെലവ് കണക്കുകൾ പരിശോധിച്ചതിൽ, ഗ്രാമപഞ്ചായത്തിന്റെ സാമ്പത്തികനില ഭദ്രമല്ലെന്ന് കാണുന്നു. 2022-23 വർഷത്തെ അപേക്ഷിച്ച് റവന്യൂ കമ്മി 75 ലക്ഷത്തിൽ നിന്നും 49 ലക്ഷമായി കുറയ്ക്കാൻ സാധിച്ചിട്ടുണ്ട് എന്നത് ശ്രദ്ധേയമാണ്. കെട്ടിട നിർമ്മാണ പെർമിറ്റ് ഫീസ്, അപേക്ഷാ ഫീസ്,

റെഗുലറൈസേഷൻ ഫീസ് എന്നിവയിലുണ്ടായ വർദ്ധനവാണ് വരുമാനം കൂടുന്നതിനും, അതുവഴി റെവന്യു കമ്മി കുറയുന്നതിനും ഇടയാക്കിയത്.

നികുതി/നികുതിയേതര വരവുകൾ, ഗ്രാമപഞ്ചായത്തിന്റെ എസ്റ്റാബ്ലിഷ്മെന്റ്/ അഡ്മിനിസ്ട്രേറ്റിവ് ചെലവുകൾ നടത്തുന്നതിന് പര്യാപ്തമല്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു (Income & Expenditure Statement പ്രകാരമുള്ളത്).

തനത് വരുമാനം	2022-23	2023-24	തനത് ചെലവുകൾ	2022-23	2023-24
നികുതി വരവുകൾ	4208641	4629789	എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾ	11132371	9822138
നികുതിയേതര വരവുകൾ	931395	2728173	ഭരണപരമായ ചെലവുകൾ	475474	532391
പലിശയും മറ്റ് വരവുകളും	228457	339949	പ്രവർത്തന ചെലവുകളും പരിപാലനവും	1244816	2269391
			മറ്റ് ചെലവുകൾ	--	2360
ആകെ	5368493	7697911		12852661	12626280
റവന്യുകമ്മി	**(-)7484168**	**(-)4928369**			

നടപ്പ് സാമ്പത്തിക വർഷം പൊതുആവശ്യ ഗ്രാന്റായി 47,15,100 രൂപയാണ് ലഭിച്ചിട്ടുള്ളത്. പൊതുആവശ്യ ഗ്രാന്റ് ലഭിയ്ക്കുന്നതുകൊണ്ട് മാത്രമാണ് ജീവനക്കാർക്കുള്ള ശമ്പളം, ജനപ്രതിനിധികൾക്കുള്ള ഓണറേറിയം, വൈദ്യുതിചാർജ്, വെള്ളക്കരം എന്നിവ മുടക്കം കൂടാതെ നല്കുവാൻ കഴിയുന്നത്. റവന്യു കമ്മി കാരണം ലൈബ്രറി സെസ്സ്, ജീവനക്കാരുടെ പെൻഷൻ കോൺട്രിബ്യൂഷൻ എന്നിവ രണ്ട് വർഷത്തിലധികമായി ഒടുക്കാതെ പഞ്ചായത്തിന്റെ ബാധ്യതയായി നിൽക്കുന്നു.

അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൂടുതൽ ചുമതലകളും ഉത്തരവാദിത്തങ്ങളും കൈവന്നിട്ടുണ്ട്. ഈ ചുമതലകളും ഉത്തരവാദിത്തങ്ങളും

കാര്യക്ഷമമായി നിർവ്വഹിക്കുന്നതിന് കൂടുതൽ വിഭവ സമാഹരണം ആവശ്യമാണ്. ആയതിനാൽ നികുതി/നികുതിയേതര സ്രോതസ്സുകളിൽനിന്നുള്ള വരുമാനം വർദ്ധിപ്പിക്കുന്നതിനും, അതുപോലെതന്നെ സ്ട്രീറ്റ് ലൈറ്റ്, പൊതുടാപ്പുകളുടെ വെള്ളക്കരം പോലെയുള്ള ആവർത്തന ചെലവുകൾ പരമാവധി കുറച്ചുകൊണ്ടുവന്ന് പഞ്ചായത്തിന്റെ ധനകമ്മി നിവാരണം ചെയ്യുന്നതിനും പഞ്ചായത്തിന്റെ ഭാഗത്തുനിന്ന് ആത്മാർത്ഥമായ പരിശ്രമം ഉണ്ടാകേണ്ടതാണ്.

1-12 രസീത് ബുക്കുകളുടെ പരിപാലനം - അപാകങ്ങൾ

2023-24 സാമ്പത്തിക വർഷം പഞ്ചായത്തിൽ നിന്ന് ജീവനക്കാർക്കും വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർക്കും വിതരണം ചെയ്ത രസീത് ബുക്കുകളുടെ പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. നിർവ്വഹണ ഉദ്യോഗസ്ഥർക്ക് വിതരണം ചെയ്ത രസീത് ബുക്കുകൾ സാമ്പത്തിക വർഷാവസാനം തിരികെ വാങ്ങി പഞ്ചായത്തിൽ സൂക്ഷിക്കുന്നില്ല (ബുക്ക് നം. 4061, 4063, 4064, 4065, 4068).

2. സാമ്പത്തിക വർഷാവസാനം ഉപയോഗിക്കാതെ അവശേഷിക്കുന്ന രസീതുകൾ ക്യാൻസൽ ചെയ്ത് സാക്ഷ്യപ്പെടുത്തിയിട്ടില്ല (ബുക്ക് നം.4063 രസീത് നം.03 മുതൽ 100 വരെ, ബുക്ക് നം.4065 രസീത് നം.38 മുതൽ 100 വരെ).

മേൽ സൂചിപ്പിച്ച അപാകങ്ങൾ തുടർവർഷങ്ങളിൽ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-13 വാടക - കരാർ ചമയ്ക്കുന്നില്ല

സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്ത് വക കടമുറികൾ/മാർക്കറ്റ് സ്റ്റാളുകൾ വാടകയ്ക്ക് നൽകുന്നതുമായി ബന്ധപ്പെട്ട രേഖകൾ, രജിസ്റ്ററുകൾ എന്നിവ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

ബൈലോ തയ്യാറാക്കിയിട്ടില്ല

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ടിന്റെ 256-ാം വകുപ്പ്, 1995-ലെ കേരള പഞ്ചായത്ത് രാജ് (ബൈലോകൾ ഉണ്ടാക്കാനുള്ള നടപടി ക്രമം) ചട്ടങ്ങൾ ചട്ടം 3 (5,6,7) പ്രകാരം മുറികൾ വാടകയ്ക്ക് നൽകുന്നതുമായി ബന്ധപ്പെട്ട് ബൈലോ തയ്യാറാക്കി നാളിതുവരെ സർക്കാരിന്റെ അംഗീകാരം വാങ്ങിയിട്ടില്ല. അംഗീകൃത ബൈലോയുടെ അഭാവത്തിൽ വാടക അഡ്വാൻസ്, ഡെപ്പോസിറ്റ്

തുടങ്ങിയവ ഈടാക്കുന്നതിന്റെ നിയമപരമായ സാധുത ചോദ്യം ചെയ്യപ്പെടാവുന്നതാണ്. കടമുറികളുടെ വാടകപിരിവിനായി ബൈലോ തയ്യാറാക്കി അംഗീകാരം വാങ്ങുന്നതിനും, ബൈലോയിലെ വ്യവസ്ഥകൾ അനുസരിച്ച് മാത്രം പഞ്ചായത്തു വക കടമുറികൾ വാടകയ്ക്ക് നൽകേണ്ടതുമാണ്.

നിയമപ്രകാരം കരാർ ചമയ്ക്കുന്നില്ല

കടമുറികൾ വാടകയ്ക്ക് എടുത്തിരിക്കുന്ന എല്ലാ വാടകക്കാരുമായും ഗ്രാമപഞ്ചായത്ത് കൃത്യമായ വ്യവസ്ഥകൾ ഉൾപ്പെടുത്തി കരാർ ചമയ്ക്കുന്നില്ല. കരാർ വ്യവസ്ഥകൾ എഴുതാതെ വാടകക്കാരുടെ ഒപ്പു മാത്രമുള്ള ശൂന്യമായ മുദ്രപത്രം വാങ്ങി ഫയലിൽ സൂക്ഷിക്കുക മാത്രമാണ് ചെയ്യുന്നത്. കടമുറികൾക്ക് കേടുപാടുകൾ ഉണ്ടാകുകയോ, വാടക അടവാക്കുന്നതിൽ കരാറുകാർ വീഴ്ച വരുത്തുകയോ ചെയ്താൽ ആവശ്യമായ നിയമ നടപടികൾ സ്വീകരിക്കുന്നതിന് ഇതുമൂലം ഗ്രാമപഞ്ചായത്തിന് കഴിയാതെ വരും. കൃത്യമായ വ്യവസ്ഥകൾ ഉൾപ്പെടുത്തി വാടകക്കാരുമായി കരാർ ചമയ്ക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

1-14 തൊഴിൽ നികുതി പിരിവ് കാര്യക്ഷമമല്ല

തൊഴിൽ നികുതി അസസ്സ് ചെയ്യുന്നതിനും, ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിനും കാര്യക്ഷമമായ നടപടികൾ പഞ്ചായത്തിന്റെ ഭാഗത്തുനിന്നും ഉണ്ടാവുന്നില്ല. തൊഴിൽ നികുതി പിരിവുമായി ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്ത് സൂക്ഷിച്ചുവരുന്ന സ്ഥാപനങ്ങളുടെ പട്ടിക, അർദ്ധവാർഷിക റിട്ടേണുകൾ, ഡിമാന്റ് രജിസ്റ്റർ മുതലായ രേഖകൾ പരിശോധിച്ചപ്പോൾ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

1. ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കാൻ അവശേഷിക്കുന്നു

താഴെപ്പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും 2023-24 വർഷം തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.

ക്രമ നം.	സ്ഥാപനം	അർദ്ധ വർഷം
1	പോസ്റ്റോഫീസ്, മണ്ണാറക്കുളഞ്ഞി	II
2	എൻവിഷൻ നിധി ലിമിറ്റഡ്	II

3	അക്ഷയ കേന്ദ്രം, മണ്ണാറക്കുളഞ്ഞി	I&II
4	അക്ഷയ കേന്ദ്രം, മൈലപ്ര	I&II
5	ഡിജിറ്റൽ സേവാ കേന്ദ്രം, മൈലപ്ര	I&II

2. <u>സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല</u>

ചുവടെ ചേർത്തിട്ടുള്ള സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.

ക്രമ നം	സ്ഥാപനം	അർദ്ധ വർഷം
1	ട്രസ്റ്റി, ട്രിനിറ്റി പാരീഷ് ഹാൾ	I&II
2	സെന്റ് ജോർജ്ജ് ഓഡിറ്റോറിയം	I&II
3	ജറുശലേം മാർത്തോമ്മാ ചർച്ച് ഓഡിറ്റോറിയം	I&II
4	ഹോളി മാതാ ഓഡിറ്റോറിയം, മണ്ണാറക്കുളഞ്ഞി	I&II
5	ട്രസ്റ്റി തിരുഹൃദയ ഓഡിറ്റോറിയം	I&II
6	അക്ഷയ കേന്ദ്രം, മണ്ണാറക്കുളഞ്ഞി	I&II
7	അക്ഷയ കേന്ദ്രം, മൈലപ്ര	I&II
8	ഡിജിറ്റൽ സേവാ കേന്ദ്രം, മൈലപ്ര	I&II
9	റേഷൻ കടകൾ (6)	I&II

3. **<u>കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല</u>**

ഗ്രാമപഞ്ചായത്തിൽ 2023-24 സാമ്പത്തിക വർഷം പൊതുമരാമത്ത് പ്രവൃത്തികൾ നിർവ്വഹിച്ച കരാറുകാരിൽ നിന്നും രണ്ട് അർദ്ധ വർഷങ്ങളിലെയും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. തൊഴിൽ നികുതി അടവാക്കാത്തവരുടെ പേര് വിവരം ചുവടെ ചേർക്കുന്നു.

1. കെ.എസ്.പുരുഷോത്തമൻ

2. അനിൽകുമാർ ജി.

3. സദാനന്ദ പണിക്കർ

4. ഹരിലാൽ എസ്

5. കെ.ജി.ഈശോ

6. കൃഷ്ണകുമാർ കൃഷ്ണൻ നായർ

7. പ്രദുസൂദനൻ പിള്ള

ഓരോ അർദ്ധവർഷത്തിലും 60 ദിവസത്തിൽ കുറയാത്ത കാലം പഞ്ചായത്ത് പ്രദേശത്ത് ഇടപാടുകൾ നടത്തുന്ന ഏതൊരു സ്ഥാപനത്തിൽ നിന്നും, ബിസിനസ്സ് നടത്തുകയോ, തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെടുകയോ, പൊതുവായോ സ്വകാര്യമായോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുകയോ ചെയ്യുന്ന ഏതൊരാളിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണെന്ന് 1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 204-ാം വകുപ്പ്, 1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽനികുതി) ചട്ടങ്ങളിലെ ചട്ടം 3, 4 എന്നിവ അനുശാസിക്കുന്നു. കരാറുകാർ മറ്റേതെങ്കിലും തദ്ദേശഭരണ സ്ഥാപനത്തിൽ തൊഴിൽ നികുതി ഒടുക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ഹാജരാക്കുവാൻ ആവശ്യപ്പെടേണ്ടതാണ്.

തൊഴിൽ നികുതി ഈടാക്കുന്നതു സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (11/24.07.2024), സ്ഥാപനങ്ങളിലേയും വ്യക്തികളുടേയും തൊഴിൽ നികുതി പിഴപ്പലിശ സഹിതം ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി. തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. വിഷയത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

1-15 കാലഹരണപ്പെട്ട നിക്ഷേപം പഞ്ചായത്ത് ഫണ്ടിലേയ്ക്ക് മുതൽക്കൂട്ടിയില്ല

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 144 പ്രകാരം ഇലക്ഷൻ നിക്ഷേപം തിരിച്ചു നൽകുകയോ കണ്ടുകെട്ടുകയോ ചെയ്യണമെന്ന് വ്യവസ്ഥ ചെയ്യുന്നു. തെരഞ്ഞെടുപ്പു ഫലം പ്രഖ്യാപിച്ച ശേഷം 3 മാസത്തിനകം നിക്ഷേപം തിരിച്ചു നൽകേണ്ടതും, 144(4) പ്രകാരം തിരിച്ചു നൽകാത്ത നിക്ഷേപം പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽകൂട്ടാവുന്നതുമാണ്. 31-03-2024-ലെ ബാലൻസ് ഷീറ്റ് പ്രകാരം ഇലക്ഷൻ നിക്ഷേപം ഹെഡിൽ 19,500 രൂപ ബാധ്യതയായി അവശേഷിയ്ക്കുന്നുണ്ട്. ഈ നിക്ഷേപം 2020-ലെ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് ലഭിച്ചിട്ടുള്ള തുകയാണ്. കാലഹരണപ്പെട്ട നിക്ഷേപം പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടി പഞ്ചായത്ത് ഫണ്ടിന്റെ ബാധ്യത കണക്കിൽ നിന്നും ഒഴിവാക്കേണ്ടതാണ്.

1-16 ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ രജിസ്ട്രേഷനില്ലാതെ പ്രവർത്തിക്കുന്നു

1999-ലെ കേരള പഞ്ചായത്ത് രാജ് (ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ) ചട്ടങ്ങളിലെ ചട്ടം 3 പ്രകാരം മുൻകൂട്ടി രജിസ്റ്റർ ചെയ്യാതെ ഒരു പഞ്ചായത്തിന്റെ അതിർത്തിക്കുള്ളിൽ ഏതൊരു ട്യൂട്ടോറിയൽ സ്ഥാപനവും സ്ഥാപിക്കുവാൻ പാടുള്ളതല്ലായെന്ന് പ്രസ്തുത നിഷ്കർഷിച്ചിട്ടുണ്ട്. രജിസ്റ്റർ ചെയ്തിട്ടുള്ള ട്യൂട്ടോറിയൽ സ്ഥാപനത്തിന്റെ രജിസ്ട്രേഷൻ അടുത്ത സാമ്പത്തിക വർഷം അവസാനിക്കുന്നതിന് മുമ്പായി പുതുക്കേണ്ടതുമാണ്.

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ചുവടെ ചേർക്കുന്ന ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ 2023-24 സാമ്പത്തിക വർഷം കേരള പഞ്ചായത്ത് രാജ് (ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ) ചട്ടങ്ങൾ പ്രകാരം രജിസ്ട്രേഷൻ എടുത്തിട്ടുള്ളതായ രേഖകൾ ലഭ്യമാക്കിയില്ല.

ക്രമ നം.	സ്ഥാപനത്തിന്റെ പേര്
1	ബ്രൈറ്റ് സ്റ്റഡി സെന്റർ, മേക്കൊഴൂർ
2	പ്രോഗ്രസ്സീവ് സെന്റർ, മൈലപ്ര
3	ജീനിയസ് ട്യൂഷൻ, മൈലപ്ര

കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 267-ാം വകുപ്പ് പ്രകാരം, രജിസ്റ്റർ ചെയ്യാതെ ഒരു ട്യൂട്ടോറിയൽ സ്ഥാപനം സ്ഥാപിക്കുകയോ പരിപാലിക്കുകയോ ചെയ്യുന്ന ഏതൊരാളും കുറ്റസ്ഥാപനത്തിൻമേൽ 1000 രൂപ വരെയുള്ള പിഴ ശിക്ഷയും, കുറ്റം തുടരുന്ന ഓരോ ദിവസത്തിനും

നൂറു രൂപവരെയാകാവുന്ന അധിക പിഴശിക്ഷയും നൽകി ശിക്ഷിക്കപ്പെടാവുന്നതാണ്. ഗ്രാമപഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന എല്ലാ ട്യൂട്ടോറിയൽ സ്ഥാപനങ്ങളും രജിസ്ട്രേഷൻ എടുത്തിട്ടുണ്ടെന്ന് ഉറപ്പു വരുത്തുന്നതിനും രജിസ്ട്രേഷൻ ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ നിയമപ്രകാരമുള്ള ശിക്ഷണ നടപടികൾ സ്വീകരിക്കുന്നതിനും ആവശ്യമായ നടപടികൾ സെക്രട്ടറിയും ഭരണസമിതിയും സ്വീകരിക്കേണ്ടതാണ്.

1-17 വസ്തു നികുതി കുടിശ്ശിക പൂർണ്ണമായും പിരിച്ചെടുത്തില്ല

ഗ്രാമപഞ്ചായത്തിന്റെ പ്രധാന നികുതി വരുമാനമാണ് വസ്തുനികുതി. 2023-24 സാമ്പത്തിക വർഷം വസ്തു നികുതി പിരിവ് 95% കൈവരിച്ചിട്ടുണ്ട്. പഞ്ചായത്തിൽ മൊബൈൽ ടവറുകൾ, ഗാർഹിക, ഗാർഹികേതര കെട്ടിടങ്ങൾ എന്നിവയുടെ വസ്തുനികുതി കുടിശ്ശിക പിരിച്ചെടുക്കാൻ അവശേഷിക്കുന്നു. വൻ തുകകൾ കുടിശ്ശിക വരുത്തിയ നികുതിദായകരുടെ പേരു വിവരം ചുവടെ ചേർക്കുന്നു.

ക്രമ നം.	കെട്ടിട നം.	ഉടമയുടെ പേര് വിവരം	കുടിശ്ശിക
1	2/35/A	റിലയൻസ് ഇൻഡസ്ട്രീസ് ലിമിറ്റഡ്	18393
2	8/12	എക്സി.എഞ്ചിനീയർ, കേരള വാട്ടർ അതോറിറ്റി	20719
3	7/26	സാമുവൽ എബ്രഹാം, അറുകാലിക്കൽ, മൈലപ്ര	11933
4	9/246	റെജിലാൽ, ഇടയിലേപ്പറമ്പിൽ, മൈലപ്ര	81999
5	8/289	കെ.സി.ജോർജ്ജ്, കൽകുന്നത്ത്, മൈലപ്ര	2526
6	11/88	രാമകൃഷ്ണൻ നായർ, ഉഷ ഭവൻ, മൈലപ്ര	3831
7	9/250	പ്രതീഷ് കുരുവിള, മുണ്ടൻപ്ലാക്കൽ, മൈലപ്ര	7952
8	10/220	തോമസ് ജോർജ്ജ്, പുതുവേലിൽ മേമുറിയിൽ മൈലപ്ര	5501

9	5/256	അന്നമ്മ മത്തായി, തേവുപാറ പടിഞ്ഞാറ്റേതിൽ മൈലപ്ര	11363
10	10/95	ജോർജ്ജ് തോമസ്, ചോളമാക്കൽ, മൈലപ്ര	5494
11	4/262	വിനോയി കെ.ചാക്കോ, കണ്ണൻമണ്ണിൽ, മണ്ണാറക്കുളഞ്ഞി	7292
12	7/37/A	ജിജു സാമുവൽ, മൂലേക്കോണിൽ, മൈലപ്ര	7682
13	9/278 A	മറിയാമ്മ വർഗ്ഗീസ് ഉഴത്തിൽ പുത്തൻവീട്,മുണ്ടുകോട്ടയ്ക്കൽ	5150
14	11/262	ലക്ഷ്മിക്കുട്ടി അമ്മ, ലക്ഷ്മി നിവാസ്, മൈലപ്ര	5591
15	7/166	ജോർജ്ജ് എബ്രഹാം &മറിയാമ്മ, പുലിത്തിട്ട വീട്, മൈലപ്ര	5679

വസ്തുനികുതി കുടിശ്ശിക പൂർണ്ണമായി പിരിച്ചെടുക്കാതിരുന്നതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.15/25.07.2024) മറുപടി ലഭ്യമാക്കിയില്ല. പിഴപലിശ ഉൾപ്പെടെ വസ്തുനികുതി കുടിശ്ശിക ഈടാക്കി വിവരം അറിയിക്കേണ്ടതാണ്. പഞ്ചായത്തിന്റെ അനിവാര്യ ചുമതലകളും ദൈനംദിന പ്രവർത്തനങ്ങളും നിർവ്വഹിക്കുന്നതിന് തനത് വരുമാനം വർദ്ധിപ്പിക്കേണ്ടത് അത്യാവശ്യമാണ്. വസ്തുനികുതി ഇനത്തിൽ ഈടാക്കാൻ അവശേഷിക്കുന്ന തുക പിരിച്ചെടുക്കുന്ന വിഷയത്തിൽ ഭരണസമിതിയുടെയും, ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും പ്രത്യേക ശ്രദ്ധയുണ്ടാകേണ്ടതാണ്.

1-18 അൺ എയ്ഡഡ് സ്കൂളിന്റെ വസ്തുനികുതി അസസ്സ് ചെയ്തെങ്കിലും ഈടാക്കിയിട്ടില്ല

സർക്കാരിന്റെ അംഗീകാരമുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ളതും, ഹയർ സെക്കന്ററി തലം വരെയുള്ളതുമായ വിദ്യാഭ്യാസ ആവശ്യങ്ങൾക്ക് മാത്രമുള്ള കെട്ടിടങ്ങളെയും അത്തരം സ്ഥാപനങ്ങളിലെ വിദ്യാർത്ഥികൾ താമസിക്കുന്ന ഹോസ്റ്റൽ കെട്ടിടങ്ങളെയും 07.10.2009 മുതൽ വസ്തുനികുതി ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കിയിരുന്നു. എന്നാൽ 01.04.2023 പ്രാബല്യത്തിൽ പ്രസ്തുത സ്ഥാപനങ്ങളെ വസ്തുനികുതി ഇളവിൽ നിന്നും ഒഴിവാക്കപ്പെട്ടിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിന്റെ പരിധിയിലുള്ള 8/62 മുതൽ 8/65 വരെയുള്ള നമ്പറുകളിലുള്ള കെട്ടിടങ്ങളിൽ പ്രവർത്തിച്ചുവരുന്ന മൗണ്ട് ബഥനി പബ്ലിക് സ്കൂളിൽ നിന്നും നിലവിൽ വസ്തുനികുതി ഈടാക്കുന്നില്ലെന്ന് സഞ്ചയ സോഫ്റ്റ്‌വെയർ പരിശോധനയിൽ വ്യക്തമായി. ഈ സ്കൂളിന്റെ വസ്തുനികുതി ഈടാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 15/25.07.2024) മറുപടി ലഭ്യമാക്കിയില്ല.

സ്കൂളിന്റെ വസ്തുനികുതി സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം പഞ്ചായത്ത് അസസ്സ് ചെയ്തിട്ടുണ്ട്. ച.മീറ്ററിന് 7 രൂപ നിരക്കിൽ വസ്തു നികുതി അസസ്സ് ചെയ്തിട്ടുണ്ടെങ്കിലും നിലവിൽ നികുതിയിൽ നിന്നും ഒഴിവാക്കപ്പെട്ടിട്ടുള്ള ഗണത്തിലാണ് സ്കൂളും അനുബന്ധ കെട്ടിടങ്ങളും. ചട്ട പ്രകാരം ഈടാക്കാവുന്ന വസ്തു നികുതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	കെട്ടിട നം.	കെട്ടിടത്തിന്റെ തറ വിസ്തീർണ്ണം (ച.മീ)	വസ്തു നികുതി (രൂപ)
1.	8/62	1818.8	14038
2.	8/63	1017.27	7852
3.	8/64	900.37	6950
4.	8/65	2636.66	20349
5.	8/66	706.03	5451

മേൽ പറഞ്ഞ കെട്ടിടങ്ങളുടെ വസ്തുനികുതി ഈടാക്കുന്നതിന് നടപടി സ്വീകരിച്ച് ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. ഈ വിഷയത്തിൽ ധനകാര്യ സ്റ്റാൻറിംഗ് കമ്മറ്റിയുടെ സവിശേഷ ശ്രദ്ധ ക്ഷണിക്കുന്നു.

1-19 സേവന ഉപനികുതി ഈടാക്കാത്തതിനാൽ പഞ്ചായത്തിന് വരുമാന നഷ്ടം

തനത് വരുമാനം വളരെ കുറവുള്ള ഗ്രാമപഞ്ചായത്തിൽ വസ്തുനികുതിയോടൊപ്പം സേവന ഉപനികുതി ഈടാക്കി വരുമാനം വർദ്ധിപ്പിക്കുന്നതിന് പഞ്ചായത്ത് നടപടികളൊന്നും സ്വീകരിച്ചിട്ടില്ല. 2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജും) ചട്ടങ്ങൾ പ്രകാരം പഞ്ചായത്ത് പ്രദേശത്ത് സ്ഥിതി ചെയ്യുന്നതും നിയമത്തിലെ 207(1)-ാം ഉപവകുപ്പ് പ്രകാരം സേവന ഉപനികുതിയിൽ നിന്നും ഒഴിവാക്കിയിട്ടില്ലാത്തതുമായ കെട്ടിടങ്ങളിൽനിന്നും പഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന ഉപനികുതി ചുമത്താവുന്നതാണ്. ശുചിത്വ പരിപാലനം, ജല വിതരണം, തെരുവുവിളക്ക് പരിപാലനം, ഡ്രയിനേജ് എന്നിവ ഏർപ്പെടുത്തുന്നതിലേക്ക് വസ്തുനികുതിയുടെ പത്ത് ശതമാനത്തിൽ കുറയാതെ സേവന ഉപനികുതി ചുമത്താവുന്നതാണെന്ന് പ്രസ്തുത ചട്ടത്തിലെ 27-ാം ഉപവകുപ്പിൽ വ്യക്തമാക്കിയിട്ടുണ്ട്. വികേന്ദ്രീകൃത ആസൂത്രണത്തിന്റെ ഫലമായി ഗ്രാമപഞ്ചായത്തുകളുടെ ചുമതലകളും കർത്തവ്യങ്ങളും വർദ്ധിച്ചു വരുന്ന സാഹചര്യത്തിലും, ഭരണഘടനാപരമായ ചുമതലകൾ നിർവ്വഹിക്കുന്നതിനും പഞ്ചായത്തുകൾ സ്വയംപര്യാപ്തമാകേണ്ടത് അനിവാര്യമാണ്.

ഗ്രാമപഞ്ചായത്തിന്റെ കഴിഞ്ഞ 5 വർഷത്തെ വസ്തുനികുതിയുടെ ഡിമാന്റും ഈടാക്കാവുന്ന സേവന ഉപനികുതിയുടെ ഡിമാന്റും പട്ടികയായി ചുവടെ ചേർക്കുന്നു.

സാമ്പത്തിക വർഷം	ഡിമാന്റ് ചെയ്ത വസ്തുനികുതി	ഡിമാന്റ് ചെയ്യാമായിരുന്ന സേവന ഉപനികുതി (കുറഞ്ഞത് 10%)
2019-20	3207941	320794
2020-21	3455990	345599
20221-22	3717060	371706

2022-23	3325791	332579
2023-24	3741409	374141
ആകെ	**17448191**	**1744819**

മേൽ അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (എൻക്വയറി നം.13/24.07.2024) മറുപടി ലഭ്യമാക്കിയില്ല. സർക്കാർ നിർദ്ദേശങ്ങളും ചട്ടങ്ങളും അനുസരിച്ച് സേവന ഉപനികുതി ഈടാക്കി ഗ്രാമപഞ്ചായത്തിന്റെ വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിനായി വിഷയം ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെയും പഞ്ചായത്ത് ഭരണസമിതിയുടേയും ശ്രദ്ധയിൽപ്പെടുത്തുന്നു.

1-20 ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

കേരള പഞ്ചായത്ത് രാജ് നിയമം 232-ാം വകുപ്പ്, 1996-ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാര സ്ഥാപനങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കുമുള്ള ലൈസൻസ് നൽകൽ) ചട്ടങ്ങൾ എന്നിവ പ്രകാരം പഞ്ചായത്തിന്റെ അനുമതിയില്ലാതെ മേൽ ചട്ടത്തിലെ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ള യാതൊന്നും തന്നെ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കാൻ പാടില്ല. ചട്ടങ്ങൾ പ്രകാരം ലൈസൻസ് ആവശ്യമായ എല്ലാ സ്ഥാപനങ്ങളും 2023-24 സാമ്പത്തിക വർഷം പഞ്ചായത്തിൽ നിന്നും ലൈസൻസ് എടുത്തിട്ടില്ല. ലൈസൻസ് രജിസ്റ്റർ, ട്രേഡേഴ്സ് ലിസ്റ്റ് എന്നിവ കാലികമാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ യഥാസമയം കണ്ടെത്തുന്നതിനും നടപടി സ്വീകരിക്കുന്നതിനും സാധിക്കുന്നില്ല. ഓഡിറ്റ് വർഷം ലൈസൻസ് എടുത്തിട്ടില്ലാത്ത സ്ഥാപനങ്ങളുടെ ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	സ്ഥാപനത്തിന്റെ വിവരങ്ങൾ
1	ഹോംസ്റ്റൈൽ ഹാർഡ്‌വെയർ & പെയിന്റ്സ്, മൈലപ്ര
2	ശ്രുതി മ്യൂസിക് ഇൻസ്റ്റിറ്റ്യൂട്ട്, മൈലപ്ര
3	മുദ്ര നാട്യ നൃത്താലയം, മൈലപ്ര
4	സ്നേഹ സ്റ്റോഴ്സ്, തോണിപ്പാറയ്ക്കൽ
5	മറിയ സ്റ്റോഴ്സ്, തോണിപ്പാറയ്ക്കൽ

6	എ.വി.ജെ. മോട്ടോഴ്സ്, മൈലപ്ര
7	ഫ്രണ്ട്സ് ടെയ്‌ലറിംഗ്, മേക്കൊഴൂർ
8	ബെല്ലാസാ ബ്യൂട്ടിപാർലർ, മൈലപ്ര
9	സെനിത ഹോട്ടൽ, മൈലപ്ര
10	റെയിൻബോ അലൂമിനിയം ഫാബ്രിക്കേഷൻ, മൈലപ്ര
11	അർച്ചന ലോട്ടറീസ് & ഹോൾസെയിൽസ്, മൈലപ്ര
12	മലനാട് ഏജൻസീസ്, മൈലപ്ര
13	തനു ഗോൾഡ് കവറിംഗ് & ഫാൻസി, മൈലപ്ര
14	ബെല്ല ചിക്കൻ സെന്റർ, മൈലപ്ര
15	നർമ്മദ അലൂമിനിയം, കിഴക്കേ കാലായിൽ, മൈലപ്ര
16	ഡോക്ടർ കൂൾ കാർ എ.സി. വർക്സ്, മൈലപ്ര
17	ഗിരിജ വെജിറ്റബിൾസ്, മൈലപ്ര
18	റേഷൻ കടകൾ (6 എണ്ണം)

റേഷൻ കടകളെ നിലവിലുള്ള ചട്ടങ്ങൾ പ്രകാരം ലൈസൻസ് ഫീസ്, തൊഴിൽ നികുതി എന്നിവ ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കാൻ കഴിയുകയില്ലായെന്ന് 22.01.19-ലെ (സി.എസ്.)എ9-764/2019 നമ്പർ കത്ത് പ്രകാരം സിവിൽ സപ്ലൈസ് ഡയറക്ടർ സ്പഷ്ടീകരണം പുറപ്പെടുവിച്ചിട്ടുള്ളതാണ്. ഇത്തരത്തിൽ ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത് മൂലം ലൈസൻസ് ഫീസിനത്തിൽ പഞ്ചായത്തിന് ലഭിക്കേണ്ടതായ വരുമാനത്തിൽ നല്ലൊരു തുക കുറവു വന്നിട്ടുണ്ട്. അപാകതയ്ക്ക് വിശദാംശങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.12/24.07.2023), പിഴതുകയും നടപ്പ് വർഷത്തെ ലൈസൻസ് ഫീസ്, തൊഴിൽ നികുതി എന്നിവയും ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നതും ചട്ടങ്ങൾ പ്രകാരം ലൈസൻസ് ആവശ്യമായതുമായ എല്ലാ സ്ഥാപനങ്ങളെയും ലൈസൻസ് പരിധിയിൽ കൊണ്ടുവരികയും, ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ നിയമാനുസൃത തുടർ നടപടികൾ സ്വീകരിക്കുകയും

ചെയ്യേണ്ടതാണ്. ലൈസൻസ് പരിധിയിൽനിന്നും സ്ഥാപനങ്ങൾ ഒഴിവായി പോകാതിരിക്കാൻ തദ്ദേശഭരണ സ്ഥാപനത്തിലെ മുഴുവൻ വ്യാപാര വ്യവസായ സ്ഥാപനങ്ങൾക്കും വാർഡ് അടിസ്ഥാനത്തിൽ പ്രത്യേക നമ്പർ നൽകി അവയുടെ രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കാവുന്നതാണെന്ന് പദ്ധതി നിർവ്വഹണ മാർഗ്ഗരേഖയിൽ (സ.ഉ.(കൈ)നം.84/2022/തസ്വഭവ തീയതി: 19.04.2022) വിഭവ സമാഹരണം സംബന്ധിച്ച അദ്ധ്യായത്തിൽ (ഖ.5.1(5)) നിർദ്ദേശിച്ചിട്ടുണ്ട്. ആയത് പ്രാബല്യത്തിൽ വരുത്തുന്നതിനുള്ള സാധ്യതകളും പരിശോധിക്കാവുന്നതാണ്.

1-21 തനത് പിരിവ് ശതമാനം കുറഞ്ഞു, ആനുപാതികമായ തുക വികസന ഫണ്ടിൽ നിന്നും കുറവ് ചെയ്തു

ഗ്രാമപഞ്ചായത്തിന്റെ തനതു വരുമാനം 2022-23 സാമ്പത്തിക വർഷം സമയബന്ധിതമായി പിരിച്ചെടുക്കാതിരുന്നതിനാൽ 2023-24 വർഷം ലഭിക്കേണ്ടിയിരുന്ന ഗ്രാന്റ് തുകയിൽ ആനുപാതികമായ കുറവ് വരുത്തിയിരിക്കുന്നു. 2022-23-ലെ ഡിമാന്റ് തുകകളുടെ 90% ഈടാക്കാതിരുന്നതു മൂലം തൻവർഷം സർക്കാർ 86190 രൂപ പൊതു വിഭാഗം വികസന ഫണ്ടിൽനിന്നും കുറവു ചെയ്തു. നികുതി പിരിവ് പൂർണ്ണമാക്കാൻ ശ്രദ്ധിക്കേണ്ടതും തുടർന്നുള്ള വർഷങ്ങളിൽ ഫണ്ട് നഷ്ടപ്പെടുന്ന സാഹചര്യം ഒഴിവാക്കേണ്ടതുമാണ്.

1-22 പെൻഷൻ കോൺട്രിബ്യൂഷൻ, ലൈബ്രറി സെസ്സ് എന്നിവ ഒടുക്കാൻ അവശേഷിക്കുന്നു

ഗ്രാമപഞ്ചായത്തിന്റെ 2023-24 വാർഷിക ധനകാര്യ പത്രിക പ്രകാരം ലൈബ്രറി സെസ്സ് ഇനത്തിൽ 3,82,616 രൂപയും പെൻഷൻ കോൺട്രിബ്യൂഷൻ ഇനത്തിൽ 16,94,513 രൂപയും അടയ്ക്കുവാൻ അവശേഷിക്കുന്നുണ്ട്. തുക കുടിശ്ശിക വരുത്തിയതിന്റെ കാരണം വ്യക്തമാക്കുവാൻ നിർദ്ദേശിച്ചുകണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 09/2023-24, തീയതി: 23-07-2024), ലൈബ്രറി സെസ്സ് 2022-23, 2023-24 വർഷങ്ങളിലെ തുക കുടിശ്ശികയായിട്ടുണ്ടെന്നും, പെൻഷൻ കോൺട്രിബ്യൂഷൻ 04/2022 മുതൽ ഒടുക്കുവാൻ അവശേഷിക്കുന്നുണ്ടെന്നും അറിയിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ തനത് ഫണ്ട് കുറവായതിനാലാണ് തുക അടയ്ക്കുവാൻ കഴിയാത്തതെന്നും 2023-24 വർഷം ഗ്യാപ് ഫണ്ട് ലഭിച്ചിട്ടില്ലായെന്നും ജനറൽ പർപ്പസ് ഫണ്ട് 3 ഗഡുക്കൾ ലഭിച്ചിട്ടില്ലായെന്നും അറിയിക്കുകയുണ്ടായി. ഗ്രാമപഞ്ചായത്തിന്റെ ധനസ്ഥിതി മെച്ചപ്പെടുന്ന മുറയ്ക്ക് തുക അടവാക്കുന്നതാണെന്നും അറിയിച്ചു.

ഗ്രാമപഞ്ചായത്തുകളിലെ വസ്തുനികുതിയോടൊപ്പം പിരിച്ചെടുക്കുന്ന ലൈബ്രറി സെസ്സ്, രണ്ട് ഗഡുക്കളായി കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലിൽ ഒടുക്കേണ്ടതാണ്. ആദ്യ ഗഡു ഏപ്രിൽ 30-നകവും രണ്ടാം ഗഡു നവംബർ 30-നകവും അടവാക്കേണ്ടതാണ്. ഇതിൽ വീഴ്ച്ച വരുത്തുന്ന പക്ഷം അത് തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിയുടെ വ്യക്തിപരമായ ബാധ്യതയായി കണക്കാക്കുന്നതും ഈ കാലയളവിലെ പലിശ സെക്രട്ടറിയുടെ പക്കൽനിന്നും ഈടാക്കുന്നതുമാണെന്ന് സർക്കുലർ നമ്പർ 10088/എൽ.3/05/ത.സ്വ.ഭ.വ തീയതി 20-09-2015 പ്രകാരം സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്. അതേപോലെ ജീവനക്കാരുടെ പെൻഷൻ കോൺട്രിബ്യൂഷനായി സ്ഥാപനം ഒടുക്കേണ്ട വിഹിതവും താമസംവിന ഒടുക്കുവരുത്തുന്നതിന് മേലിൽ ശ്രദ്ധിക്കേണ്ടതാണ്.

1-23 ദുരിതാശ്വാസനിധി രൂപീകരിച്ചിട്ടില്ല

2003-ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസനിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങളിലെ ചട്ടം 3 പ്രകാരം പേമാരി, വെള്ളപ്പൊക്കം, പ്രകൃതിക്ഷോഭം, അഗ്നിബാധ, മാറാരോഗങ്ങൾ മുതലായവ മൂലം ദുരിതമനുഭവിക്കുന്നവരും ഗ്രാമപഞ്ചായത്ത് പരിധിയിൽ നിവസിക്കുന്നവരും, നിർധനരുമായ വ്യക്തികൾക്ക് അവരുടെ ദുരിതനിവാരണാർത്ഥം അടിയന്തിര സഹായം നൽകുന്നതിനായി ഓരോ പഞ്ചായത്തിലും ഒരു പ്രമേയം മൂലം ഗ്രാമപഞ്ചായത്തിന്റെ മറ്റ് ഫണ്ടുകളിൽ നിന്നും വേറിട്ട് സൂക്ഷിക്കുന്ന ഒരു ദുരിതാശ്വാസ നിധി രൂപീകരിക്കാവുന്നതാണെന്ന് പറഞ്ഞിട്ടുണ്ട്. ചട്ടം 3(4) പ്രകാരം ഗ്രാമ പഞ്ചായത്തിൽ ദുരിതാശ്വാസ നിധിയുടെ വരവു ചെലവുകൾ കൈകാര്യം ചെയ്യുന്നതിനായി ഒരു ദേശസാൽകൃത ബാങ്കിൽ സെക്രട്ടറിയുടെ പേരിൽ ഒരു ബാങ്ക് അക്കൗണ്ട് സൂക്ഷിക്കേണ്ടതുമാണ്. എന്നാൽ ഗ്രാമ പഞ്ചായത്തിൽ ഇതുവരെ ദുരിതാശ്വാസനിധി രൂപീകരിച്ചിട്ടില്ല. ദുരിതാശ്വാസനിധി അടിയന്തിരമായി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്.

1-24 വന്യമൃഗങ്ങളിൽ നിന്ന് സംരക്ഷണത്തിന് വേലി - ചെലവ് ശതമാനം കുറവ്

2023-24 വർഷം 8 ലക്ഷം രൂപ വകയിരുത്തി കൃഷി ഓഫീസർ ആസൂത്രണം ചെയ്ത 'വന്യമൃഗങ്ങളിൽ നിന്ന് കൃഷി സംരക്ഷണം' എന്ന പ്രോജക്ടിന് സബ്സിഡിയായി 50,000 രൂപ മാത്രമാണ് ചെലവഴിക്കാൻ സാധിച്ചിട്ടുള്ളത്. പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പ്രോജക്ട് നമ്പർ	S0143/24
പദ്ധതി അടങ്കൽ	₹8,00,000
വികസന ഫണ്ട്	₹300000
ബ്ലോക്ക് പഞ്ചായത്ത് ഫണ്ട്	₹100000
ഗുണഭോക്തൃവിഹിതം സ്വയം ചെലവഴിക്കുന്നത്	₹400000

30 പേരുടെ ഗുണഭോക്തൃ ലിസ്റ്റിൽ നിന്നും ഒരു കർഷകൻ സംരക്ഷണ വേലി നിർമ്മിച്ചതിന് സബ്സിഡി നൽകിയതാണ് മേൽ ചെലവ് (ഗ്രാമ പഞ്ചായത്ത് 10000, ബ്ലോക്ക് പഞ്ചായത്ത് 40000). നേരിട്ടു ചെലവഴിച്ചത് ഉൾപ്പെടെ അടങ്കൽ തുകയുടെ 12.5% മാത്രമാണ് ചെലവ്. പ്രോജക്ടിന് പരമാവധി ഒരാൾക്ക് നൽകാവുന്ന സബ്സിഡി തുക 50000 രൂപയാണ്. പദ്ധതി വിഹിതമായി 4 ലക്ഷം രൂപ (വികസനഫണ്ട് 300000, ബ്ലോക്ക്ഫണ്ട് 100000) ഉൾപ്പെടുത്തിയിട്ടുള്ളതിനാൽ കുറഞ്ഞത് 8 പേർക്കെങ്കിലും ഈ ആനുകൂല്യം നൽകാൻ കഴിയുമായിരുന്നു. പ്രോജക്ടിന്റെ ചെലവ് ശതമാനം കുറഞ്ഞതിന്റെ കാരണം വ്യക്തമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (8/23.07.24), നേരിട്ടു ചെലവഴിക്കേണ്ടതായ തുക കണ്ടെത്തുന്നതിനുള്ള ബുദ്ധിമുട്ടു ചൂണ്ടിക്കാണിച്ച് മറ്റ് ഗുണഭോക്താക്കൾ പിൻമാറിയെന്നാണ് മറുപടി ലഭ്യമാക്കിയത്. 30 പേർ അപേക്ഷ നൽകിയെന്നുള്ള വസ്തുത പരിഗണിക്കുമ്പോൾ തന്നെ വന്യമൃഗശല്യം അനുഭവിക്കുന്ന ധാരാളം കർഷകർ ഗ്രാമപഞ്ചായത്തിലുണ്ടെന്ന് വ്യക്തമാണ്. രൂക്ഷമായ പന്നി ശല്ല്യം കാരണം കർഷകർ കൃഷി തന്നെ ഉപേക്ഷിക്കുന്ന സാഹചര്യം മുൻനിർത്തി പദ്ധതിയുടെ പ്രയോജനം കൂടുതൽ കർഷകരിലേക്ക് എത്തിക്കുന്നതിന് പഞ്ചായത്ത് ഭരണസമിതി ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

1-25 വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് - തുക അനുവദിച്ചതിൽ തുല്യ പരിഗണന നൽകിയില്ല

പട്ടികജാതി വിഭാഗത്തിൽപെട്ട വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകിയപ്പോൾ രണ്ട് വിദ്യാർത്ഥികൾക്ക് സബ്സിഡി മാർഗ്ഗരേഖയിൽ പറഞ്ഞിട്ടുള്ള നിരക്കിൽ സ്കോളർഷിപ്പ് തുക നൽകിയില്ല.

പ്രോജക്ടിന്റെ പേര്	വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് (പട്ടികജാതി വിഭാഗം)
പ്രോജക്ട് നം.	35/23-24
അടങ്കൽ	₹ 3,35,000 (വികസന ഫണ്ട് - എസ്.സി.പി)
ചെലവ്	₹ 3,25,000
നിർവഹണോദ്യോഗസ്ഥൻ	അസിസ്റ്റന്റ് സെക്രട്ടറി

പദ്ധതി പ്രകാരം ആകെ 15 വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകിയിട്ടുണ്ട് (ബിരുദം-6, ബിരുദാനന്തര ബിരുദം-1, പ്രൊഫഷണൽ കോഴ്സ്-7, ഐ.ടി.ഐ-1). വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകിയപ്പോൾ ചുവടെ ചേർത്തിരിക്കുന്ന വിദ്യാർത്ഥികൾക്ക് അവർ പഠിക്കുന്ന കോഴ്സിന് അർഹമായ സ്കോളർഷിപ്പ് തുക നൽകിയിട്ടില്ല. ബിരുദ വിദ്യാർത്ഥികളായ 5 പേർക്ക് 20,000 രൂപ വീതം സ്കോളർഷിപ്പ് നൽകിയപ്പോൾ ക്രമ നമ്പർ 2-ൽ ചേർത്തിരിക്കുന്ന വിദ്യാർത്ഥിനിക്ക് 10000 രൂപ മാത്രമേ നൽകിയിട്ടുള്ളു.

ക്രമ നം.	വിദ്യാർത്ഥിയുടെ പേര്	പഠിക്കുന്ന കോഴ്സ്	നൽകാവുന്ന സ്കോളർഷിപ്പ് തുക	നൽകിയ സ്കോളർഷിപ്പ് തുക
1	ശ്രീലക്ഷ്മിഎം.എം മണ്ണിൽമേലേതിൽ	ബിരുദാനന്തര ബിരുദം (M.Com) കാതലിക്കറ്റ് കോളജ്, പത്തനംതിട്ട	30000	20000
2	മാനസി ബിനു വിളയിൽ ഹൗസ്	ബിരുദം (ബി.എ) കാതോലിക്കറ്റ് കോളജ്, പത്തനംതിട്ട	20000	10000

മേൽ വിഷയം സംബന്ധിച്ച് ഓഡിറ്റ് എൻകചയറി (16/25.07.24) നൽകിയതിന് തുടർ നടപടി

സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. വരും വർഷങ്ങളിൽ പ്രോജക്ട് നടപ്പാക്കുമ്പോൾ ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-26 ഒരേ ഭക്ഷ്യ വസ്തുവിന് വ്യത്യസ്ഥ നിരക്കിൽ തുക ഈടാക്കി

ഒരേ ഭക്ഷ്യ വസ്തുവിന് വ്യത്യസ്ഥ നിരക്കിൽ തുക ഈടാക്കിയതായി കണ്ടു.

പ്രോജക്ടിന്റെ പേര്	മൈക്രോപ്ലാൻ - അതിദരിദ്രർക്ക് ഭക്ഷ്യകിറ്റും, അവകാശങ്ങളും, അവകാശ രേഖകളും ലഭ്യമാക്കൽ
പ്രോജക്ട് നം	105/23-24
അടങ്കൽ	₹ 68400 (വികസന ഫണ്ട്)
ചെലവ്	₹ 60326 (വികസന ഫണ്ട്)
നിർവഹണ ഉദ്യോഗസ്ഥർ	അസിസ്റ്റന്റ് സെക്രട്ടറി

അതിദാരിദ്ര്യ ലിസ്റ്റിൽ ഉൾപ്പെട്ട ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുന്നതിനായി പത്തനംതിട്ട, ത്രിവേണിയിൽനിന്നും (KSCCFLD) അസിസ്റ്റന്റ് സെക്രട്ടറി ആവശ്യപ്പെട്ട പ്രകാരമുള്ള ഭക്ഷ്യകിറ്റ് ഓരോ മാസവും ലഭ്യമാക്കി വിതരണം നടത്തിയിട്ടുണ്ട്. ത്രിവേണിയുടെ ഇൻവോയ്സുകളിൽ ഓട്സ്ന്റെ വില നിരക്കിൽ വ്യത്യാസം കാണുന്നു.

ഉദാഹരണമായി 16.05.23-ലെ 2117107201 നമ്പർ ബിൽ പ്രകാരം ആകെ 8 കിലോ ഓട്സ് വാങ്ങിയിട്ടുണ്ട്. 7 കിലോ ഓട്സിന്റെ നിരക്ക് 99രൂ/കിലോ ആണ്. ടാക്സും മറ്റ് കിഴിവും കഴിഞ്ഞ് 93 രൂപ. എന്നാൽ അതേ പേരിലുള്ള ബാക്കി 1 കിലോ ഓട്സിന്റെ നിരക്ക് 194രൂ/കിലോ. ടാക്സും മറ്റ് കിഴിവും കഴിഞ്ഞ് 180 രൂപ. ഭക്ഷ്യകിറ്റ് വിതരണം ചെയ്തതിന് ലഭ്യമാക്കിയ ഇൻവോയ്സുകളിലെല്ലാം ഈ നിരക്ക് വ്യത്യാസം കണ്ടു. ഒരേ ഭക്ഷ്യ വസ്തുവിന് വ്യത്യസ്ഥ നിരക്ക് രേഖപ്പെടുത്തിയ ഇൻവോയ്സ് പ്രകാരം തുക നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (16/25.07.24) ഇത്തരത്തിൽ ഇൻവോയ്സ് ലഭ്യമാക്കിയതിന്റെ കാരണം അറിയിക്കുന്നതിന് തൃവേണിയ്ക്ക് കത്ത് നൽകിയതായി മറുപടി നൽകിയിട്ടുണ്ട്. തുടർ നടപടി വിവരം അറിയിക്കേണ്ടതാണ്.

1-27 വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ പദ്ധതികൾ നടപ്പാക്കിയില്ല

2023-24 വർഷം വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ വിഭാവനം ചെയ്ത പദ്ധതികളിൽ ചുവടെ ചേർക്കുന്ന പദ്ധതികൾ നടപ്പാക്കുകയുണ്ടായില്ല.

പ്രോജക്ട് നം.	പദ്ധതി	അടങ്കൽ	ചെലവഴിച്ച തുക
85	സ്ത്രീകളുടെ ഗ്രൂപ്പ് സംരംഭങ്ങൾക്ക് സ്വയംതൊഴിൽ	4,00,000	ഇല്ല
94	കുടിവെള്ള കണക്ഷൻ നൽകൽ-ജനറൽവാട്ടർ അതോറ്റിയുടെ കുടിവെള്ള പൈപ്പിൽ നിന്നും	1,30,000	,,
95	കുടിവെള്ള ഗാർഹിക കണക്ഷൻ നൽകൽ ജല അതോററിറ്റിയുടെ കുടിവെള്ള പദ്ധതിയിൽ നിന്ന്-പട്ടികജാതി	2,76,100	,,
138	അതിദരിദ്രർക്ക് മൈക്രോ പ്ലാൻ-ടോയ് ലറ്റ് റെട്രോഫിറ്റിംഗ്	36,960	,,
139	നിർമ്മൽ ഗ്രാമം നിർമ്മൽ നഗരം നിർമ്മൽ ജില്ല -ബയോകമ്പോസ്റ്റ് ബിൻ വിതരണം	3,11,041	,,

ആസൂത്രണം ചെയ്ത പദ്ധതികൾ നടപ്പാക്കാത്തതിന് വിശദീകരണം ആരാഞ്ഞ് ഓഡിറ്റ് എൻക്വയറി നൽകുകയുണ്ടായി (എൻക്വയറി നം. 3/2023-24, തീയതി: 19-07-2024). ആയതിന് നിർവ്വഹണ ഉദ്യോഗസ്ഥ ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു.

<u>സ്ത്രീകളുടെ ഗ്രൂപ്പ് സംരംഭങ്ങൾക്ക് സ്വയംതൊഴിൽ</u>

ഗ്രൂപ്പ് സംരഭക പദ്ധതിയിലേക്കാണ് അപേക്ഷ ക്ഷണിച്ചിരുന്നതെങ്കിലും വ്യക്തിഗത ഗുണഭോക്താക്കളുടെ ലിസ്റ്റ് ആണ് ലഭ്യമായത്. ടി ഗുണഭോക്താക്കൾ ഗ്രൂപ്പുകളായി പ്രവർത്തിക്കുവാൻ തയ്യാറാകാത്തതിനാൽ കരാറിൽ ഏർപ്പെടുന്നതിന് കഴിഞ്ഞിരുന്നില്ല. ഈ വിവരം ഗ്രാമപഞ്ചായത്ത് കമ്മിറ്റിയിൽ അറിയിച്ചു. കമ്മിറ്റി വിശദമായി ചർച്ച ചെയ്ത് 'ഹണി ഡ്രോപ്സ്' എന്ന കുടുംബശ്രീ ഗ്രൂപ്പിനെ ലിസ്റ്റ് ചെയ്ത് തരുകയും പ്രസ്തുത ഗ്രൂപ്പിനെ ഉൾപ്പെടുത്തി പദ്ധതി സ്പിൽ ഓവറാക്കി നിർവഹണം നടത്തിവരുന്നു. 2025 മാർച്ചിൽ പദ്ധതി പൂർത്തീകരിക്കുന്നതാണ്.

<u>കുടിവെള്ള കണക്ഷൻ നൽകൽ – വാട്ടർ അതോറ്റിയുടെ കുടിവെള്ള പൈപ്പിൽ നിന്നും (ജനറൽ)</u>

ജലജീവൻ മിഷൻ മുഖേന ഗുണഭോക്താക്കൾക്ക് സൗജന്യമായി വാട്ടർ കണക്ഷൻ നൽകിയിട്ടുണ്ട്. ലഭ്യമായ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ട ഗുണഭോക്താക്കൾക്ക് ജലജീവൻ മിഷൻ നേരിട്ട് വാട്ടർ കണക്ഷൻ ലഭ്യമാക്കിയിട്ടുമുണ്ട്. കണക്ഷൻ ലഭ്യമാക്കാത്ത ഗുണഭോക്താക്കൾ കരാറിൽ ഏർപ്പെട്ട് വാട്ടർ കണക്ഷൻ എടുത്തുവരുന്ന മുറയ്ക്ക് സബ്സിഡി ആനുകൂല്യം നൽകുന്നതാണ്. പദ്ധതി 2024-25 വർഷത്തിലേക്ക് സ്പിൽ ഓവറായി ഉൾപ്പെടുത്തിയിട്ടുണ്ട്.

<u>കുടിവെള്ള ഗാർഹിക കണക്ഷൻ നൽകൽ - ജല അതോറിറ്റിയുടെ കുടിവെള്ള പദ്ധതിയിൽ നിന്ന് (പട്ടികജാതി)</u>

ജലജീവൻ മിഷൻ മുഖേന ഗുണഭോക്താക്കൾക്ക് സൗജന്യമായി വാട്ടർ കണക്ഷൻ നൽകിയിട്ടുണ്ട്. കണക്ഷൻ ലഭ്യമാക്കാത്ത ഗുണഭോക്താക്കൾക്ക് കരാറിൽ ഏർപ്പെട്ട് വാട്ടർ കണക്ഷൻ എടുത്തുവരുന്ന മുറയ്ക്ക് സബ്സിഡി ആനുകൂല്യം നൽകുന്നതാണ്. പദ്ധതി 2024-25 വർഷത്തിലേക്ക് സ്പിൽ ഓവറായി ഉൾപ്പെടുത്തിയിട്ടുണ്ട്.

<u>അതിദരിദ്രർക്ക് മൈക്രോ പ്ലാൻ- ടോയ് ലറ്റ് റെട്രോഫിറ്റിംഗ്</u>

പദ്ധതിയിൽ 36,960 രൂപ വകയിരുത്തിയിരുന്നെങ്കിലും 16,960 രൂപ മാത്രമാണ് ഫണ്ട് ഉണ്ടായിരുന്നത്. ഈ പദ്ധതി പ്രകാരം ഒരു ഗുണഭോക്താവ് കരാറിൽ ഏർപ്പെട്ട് പദ്ധതി പൂർത്തിയാക്കിവരുന്നു പദ്ധതി 2024-25 വർഷത്തിലേക്ക് സ്പിൽ ഓവറായി ഉൾപ്പെടുത്തിയിട്ടുണ്ട്.

<u>നിർമ്മൽ ഗ്രാമം നിർമ്മൽ നഗരം നിർമ്മൽ ജില്ല – ബയോകമ്പോസ്റ്റ് ബിൻ വിതരണം</u>

പദ്ധതിയിൽ പ്രോജക്ടിന്റെ അംഗീകാരവും സാങ്കേതിക അനുമതിയും വെറ്റിംഗ് ഓഫീസർ നൽകണമെന്നായിരുന്നു രേഖപ്പെടുത്തിയിരുന്നത്. ആയതിനാൽ പദ്ധതി നടപ്പിലാക്കാൻ കഴിയാതെ വരികയും പദ്ധതി ഭേദഗതി സമയത്ത് ഇതിൽ മാറ്റം വരുത്തി. എന്നാൽ മാലിന്യ സംസ്കരണ

ഉപാധികളുടെ വാങ്ങലുകൾ 'ജെം' പോർട്ടൽ മുഖേന ആയിരിക്കണമെന്നതിനാൽ 'GeM-ൽ' ഐ.ഡി. എടുക്കാൻ താമസം വരികയും തുടർന്ന് ഇലക്ഷൻ നോട്ടിഫിക്കേഷൻ വന്നതിനാലും പദ്ധതി നടപ്പിലാക്കാൻ സാധിക്കാതെ വന്നു. 2024-25 വർഷം പദ്ധതി സ്പിൽ ഓവറായി ഉൾപ്പെടുത്തി പൂർത്തീകരിക്കുന്നതാണ്.

അതത് വർഷം തന്നെ നിർവ്വഹണം പൂർത്തിയാക്കി ധനവിനിയോഗം നടത്തുന്നതിന് ഉദ്ദേശിച്ചാണ് ഏക വർഷ പ്രോജക്ടുകൾ ആവിഷ്കരിക്കുന്നത്. പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കാതെ സ്പിൽ ഓവറാകുന്നത് പദ്ധതിക്ക് വകയിരുത്തുന്ന ഫണ്ട് ലാപ്സാകുന്നതിനും, പദ്ധതികൊണ്ട് ഉദ്ദേശിച്ച പ്രയോജനം സമയബന്ധിതമായി ജനങ്ങൾക്ക് ലഭിക്കാതെ പോകുന്നതിനും ഇടയാക്കും. വാർഷിക പദ്ധതിയിൽ ഏറ്റെടുക്കുന്ന പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിന് ബന്ധപ്പെട്ടവർ ശ്രദ്ധിക്കേണ്ടതാണ്.

1-28 വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണം നടത്തിയ പദ്ധതികളിൽ ചെലവ് കുറവ്

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണം നടത്തിയ പ്രോജക്ടുകളിൽ വകയിരുത്തിയ ഫണ്ട് ചെലവഴിച്ചിട്ടുള്ളത് 50% നും താഴെയാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പ്രോജക്ട് നം.	പദ്ധതി	അടങ്കൽ	ചെലവഴിച്ച തുക
24	ലൈഫ് മിഷൻ-ജനറൽ	7223800	3501800
89	ലൈഫ് മിഷൻ ഭവന പദ്ധതി -പട്ടികജാതി	6635750	1985389
92	തുറസ്സായ കുടിവെള്ളക്കിണറുകൾ ശുചിത്വക്കിണറാക്കൽ-പട്ടികജാതി	560400	96000

140	നിർമ്മൽ ഗ്രാമം നിർമ്മൽ നഗരം നിർമ്മൽ ജില്ല - ടോയ് ലറ്റ് റെട്രോഫിറ്റിംഗ്	530000	83160

സമയബന്ധിതമായി പദ്ധതിയ്ക്ക് അംഗീകാരം ലഭിച്ചിട്ടുണ്ടെങ്കിലും പദ്ധതിപ്പണം ചെലവഴിക്കുന്നതിൽ കാലതാമസം ഉണ്ടായിട്ടുണ്ട്. ആയതിന് വിശദീകരണം ആരാഞ്ഞ് ഓഡിറ്റ് എൻക്വയറി നൽകുകയുണ്ടായി (എൻക്വയറി നം. 4/2023-24, തീയതി: 22-07-2024). ആയതിന് നിർവ്വഹണ ഉദ്യോഗസ്ഥ ലഭ്യമാക്കിയ മറുപടി ഇപ്രകാരമാണ്.

ലൈഫ് മിഷൻ (ജനറൽ, പട്ടികജാതി)

ലഭ്യമായ ഫണ്ടുകൾ പൂർണ്ണമായി ചെലവഴിച്ചിട്ടുണ്ടെന്നും ഫണ്ടിന്റെ അപര്യാപ്തത കാരണമാണ് ചെലവുകൾ കുറഞ്ഞതെന്നും ഗുണഭോക്താക്കൾ പ്രവൃത്തി പൂർത്തീകരിക്കുന്ന മുറയ്ക്ക് ഗഡുക്കളായി മാത്രമേ തുക നൽകാൻ കഴിയുകയുള്ളു എന്നും അറിയിച്ചിട്ടുണ്ട്. 2023-24 വർഷം ഫണ്ടിന്റെ അപര്യാപ്തത കാരണം പുതിയ ടാർജറ്റ് ഇല്ലായിരുന്നു.

തുറസ്സായ കുടിവെള്ളക്കിണറുകൾ ശുചിത്വക്കിണറാക്കൽ-പട്ടികജാതി

പദ്ധതിക്കായി 5,60,400 രൂപയാണ് വകയിരുത്തിയിരുന്നത്. പദ്ധതി പ്രകാരം പതിനാറായിരം രൂപയാണ് സബ്സിഡിയായി നൽകാൻ കഴിയുന്നത്. എന്നാൽ പദ്ധതി നടപ്പിലാക്കുമ്പോൾ യൂണിറ്റ് ഒന്നിന് 30,000 മുതൽ 40,000 വരെ ചെലവ് വരുന്നുണ്ട്. ആയതിനാൽ ഗുണഭോക്താക്കൾ കരാറിൽ ഏർപ്പെട്ട് പണികൾ പൂർത്തീകരിക്കാൻ വിമുഖത കാണിക്കുന്നു. കരാറിൽ ഏർപ്പെട്ട8 ഗുണഭോക്താക്കളിൽ 4 പേർ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. നാല് ഗുണഭോക്താക്കൾ 2024-25 വർഷം പണികൾ പൂർത്തീകരിക്കുന്നതാണ്.

നിർമ്മൽ ഗ്രാമം നിർമ്മൽ നഗരം നിർമ്മൽ ജില്ല - ടോയ് ലറ്റ് റെട്രോഫിറ്റിംഗ്

പദ്ധതിക്കായി 5,30,000 രൂപയാണ് വകയിരുന്നത്. ധനകാര്യ കമ്മീഷൻ അവാർഡ് 4 ലക്ഷം രൂപ ആയിരുന്നെങ്കിലും ഒരു ലക്ഷം രൂപയുടെ പദ്ധതി മാത്രമാണ് ഈ ഗ്രാമം പോർട്ടലിൽ ഉണ്ടായിരുന്നത്. സി.എഫ്.സി 1,00,000രൂപയും ബ്ലോക്ക് പഞ്ചായത്ത് വിഹിതം 1,30,000 രൂപയും ചേർന്ന് ആകെ 2,30,000 രൂപയാണ് പ്രോജക്ട് ചെലവഴിക്കാൻ ഉണ്ടായിരുന്നത്. അതിൽ 83,160 രൂപ ചെലവ് ആയിട്ടുണ്ട്. ടോയ്ലറ്റ് റോട്രോഫിറ്റിംഗ് പദ്ധതി പ്രകാരം നിലവിലുള്ള ഒറ്റ കുഴികൾ എല്ലാം ഇരട്ടക്കുഴികളാക്കി മാറ്റുക, ടോയ്ലറ്റ് റെട്രോഫിറ്റിംഗ് ഭാഗങ്ങൾ മാറ്റി സ്ഥാപിക്കുക, സ്ലാബ് വർക്കുകൾ എന്നിവയാണ്

ഏറ്റെടുക്കാൻ കഴിയുന്നത്. ആയതിനാൽ വളരെകുറച്ച് ഗുണഭോക്താക്കൾ മാത്രമാണ് കരാറിൽ ഏർപ്പെട്ട് പണികൾ പൂർത്തീകരിച്ചിട്ടുള്ളത്.

1-29 പദ്ധതി നിർവ്വഹണം - സെക്രട്ടറി നടപ്പാക്കാത്ത പദ്ധതികൾ

2023-24 സാമ്പത്തിക വർഷം സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി ആവിഷ്കരിച്ച ചുവടെ ചേർക്കുന്ന പദ്ധതികൾക്കായി തുകയൊന്നും ചെലവഴിച്ചിട്ടില്ല.

പ്രോജക്ട് നം.	പദ്ധതി	അടങ്കൽ	ചെലവഴിച്ച തുക
108	മേക്കൊഴൂർ ലൈബ്രറി – അടിസ്ഥാനസൗകര്യം	30,000	ഇല്ല
121	മിനിമാസ്റ്റ് സോളാർ	5,01,000	,,
13	പൗരാവകാശ രേഖ പുതുക്കി പ്രസിദ്ധീകരിക്കൽ	5,795	,,
19	വാതിൽപ്പടി സേവനം	2,000	,,
21	കുന്നന്താനം കിൻഫ്ര പാർക്ക് പാഴ്‌വസ്തു സംസ്കരണ ശാലക്ക് നൽകുന്ന തുക	2,00,000	,,
130	ജൈവ വൈവിദ്ധ്യ രജിസ്റ്റർ തയ്യാറാക്കൽ	5,000	,,

ആസൂത്രണം ചെയ്ത പദ്ധതികൾ നടപ്പാക്കാതിരുന്നതിന്റെ കാരണം വ്യക്തമാക്കുവാൻ നിർദ്ദേശിച്ചുകൊണ്ട് ഓഡിറ്റ് എൻക്വയറി നൽകുകയുണ്ടായി (നം.05/2023-24, തീ. 22-07-2024). ആയതിന് നിർവ്വഹണ ഉദ്യോഗസ്ഥൻ ലഭ്യമാക്കിയ മറുപടി ഇപ്രകാരമാണ്.

<u>മേക്കൊഴൂർ ലൈബ്രറി അടിസ്ഥാനസൗകര്യം</u>

2023-24 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നാല് വാൾഫാനുകൾ വാങ്ങിയിട്ടുള്ളതും ഫണ്ടിന്റെ അപര്യാപ്തത കാരണം സാമ്പത്തിക വർഷം തുക നൽകാൻ സാധിച്ചിട്ടില്ലാത്തതുമാണ്. എന്നാൽ

പിന്നീട് ഫാൻ വാങ്ങിയതിന്റെ ബിൽ തുക 11,800 രൂപ സ്പിൽ ഓവറിൽ ഉൾപ്പെടുത്തി നൽകിയിട്ടുണ്ട്. മേക്കൊഴൂർ ലൈബ്രറിക്ക് "ജെം" വഴി നീൽകമൽ കമ്പനിയുടെ സ്റ്റീൽ അലമാര വാങ്ങുന്നതിന് സപ്ലൈ ഓർഡർ നൽകിയിരുന്നു. എന്നാൽ ഓഫീസിൽ ലഭ്യമാക്കപ്പെട്ടത് നിർദ്ദിഷ്ട സ്പെസിഫിക്കേഷനുള്ള കമ്പനിയുടെ അലമാര അല്ലാതിരുന്നതിനാൽ ആയത് തിരികെ നൽകിയിട്ടുള്ളതും പദ്ധതി 2024-25 വർഷം സ്പിൽ ഓവറായി ഉൾപ്പെടുത്തിയിട്ടുള്ളതുമാണ്.

<u>മിനിമാസ്റ്റ് സോളാർ</u>

ഇൻകൽ സോളാർ ലിമിറ്റഡ് എന്ന സ്ഥാപനത്തിന്റെ പ്രൊപ്പോസലിൽ മൊത്തം തുകയുടെ 20 ശതമാനം തുക അഡ്വാൻസായി ആവശ്യപ്പെട്ടിരുന്നു. ഇൻകൽ ലിമിറ്റഡിന് വർക്ക് ഓർഡർ നൽകിയെങ്കിലും അഡ്വാൻസ് തുക വേണമെന്ന നിബന്ധനയിൽ അവർ ഉറച്ചു നിന്നതിനാൽ സ്ഥാപനത്തിന് നൽകിയ വർക്ക് ഓർഡർ 13-03-2024 ലെ 1(6)-ാം നമ്പർ തീരുമാനപ്രകാരം ക്യാൻസൽ ചെയ്യേണ്ടതായി വന്നു. തുടർന്ന് 2024-25 വാർഷിക പദ്ധതിയിൽ സ്പിൽ ഓവറായി പദ്ധതി ഉൾപ്പെടുത്തിയിട്ടുള്ളതുമാണ്.

<u>പൗരാവകാശരേഖ പുതുക്കി പ്രസിദ്ധീകരിക്കൽ</u>

പദ്ധതി നടപ്പിലാക്കിയിട്ടുള്ളതും ഫണ്ട് ക്യൂ ബിൽ ഇനത്തിൽ 4500 രൂപ 2024-25 വർഷം ചെലവഴിച്ചിട്ടുള്ളതുമാണ്.

<u>വാതിൽപ്പടി സേവനം</u>

വാതിൽപ്പടി സേവനം നൽകുന്നതുമായി ബന്ധപ്പെട്ട് യാതൊരു അപേക്ഷയും ലഭ്യമായിട്ടില്ലാത്തതിനാലും ഇതിലേക്ക് ആരും ആവശ്യം ഉന്നയിച്ചിട്ടില്ലാത്തതിനാലുമാണ് പദ്ധതി നടപ്പിലാക്കുവാൻ സാധിക്കാതിരുന്നത്. എന്നിരുന്നാലും 2024-25 വർഷത്തിൽ 10,000 ഉൾപ്പെടുത്തി പുതിയ പദ്ധതി ആവിഷ്കരിച്ചിട്ടുള്ളതുമാണ്.

<u>കുന്നന്താനം കിൻഫ്ര പാർക്ക് പാഴ്വസ്തു സംസ്കരണ ശാലക്ക് നൽകുന്ന തുക</u>

പദ്ധതിക്കായി ഒരു ലക്ഷം രൂപ പ്ലാൻ ഫണ്ടും, ഒരു ലക്ഷം രൂപ ടൈഡ് ഫണ്ടുമായിരുന്നു വകയിരുത്തിയത്. ടൈഡ് തുക പദ്ധതിക്കായി ചെലവഴിക്കാൻ നിയമാനുസൃതം സാധിക്കുമായിരുന്നില്ല. ഈ ഗ്രാം സോഫ്റ്റ്‌വെയറിൽ ടി പദ്ധതി ഉണ്ടായിരുന്നില്ല. ഒരു ലക്ഷം രൂപ പ്ലാൻ ഫണ്ട് ക്യൂബില്ലിൽ ഉൾപ്പെടുത്തി 2024-25 വർഷം ചെലവഴിച്ചിട്ടുള്ളതാണ്.

ജൈവവൈവിദ്ധ്യ രജിസ്റ്റർ തയ്യാറാക്കൽ

ജൈവവൈവിധ്യ രജിസ്റ്റർ ഡിജിറ്റലൈസ് ചെയ്തിട്ടുള്ളതും 3199 ക്യൂബിൽ ഇനത്തിൽ ഉൾപ്പെടുത്തി 2024-25 വർഷം ചെലവഴിച്ചിട്ടുള്ളതുമാണ്.

വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തുന്ന പ്രോജക്ടുകൾ സമയബന്ധിതമായി നടപ്പിലാക്കി ധനവിനിയോഗം നടത്തുന്നതിന് മേലിൽ ശ്രദ്ധിക്കേണ്ടതാണ്.

1-30 അസിസ്റ്റന്റ് എഞ്ചിനീയർ 43.39 ലക്ഷം രൂപ അടങ്കലുള്ള 19 പ്രോജക്ടുകൾ പൂർത്തീകരിച്ച് ധനവിനിയോഗം നടത്തിയില്ല

2023-24 വർഷം അസിസ്റ്റന്റ് എഞ്ചിനീയർക്ക് നിർവ്വഹണ ചുമതലയുണ്ടായിരുന്ന 55 പ്രോജക്ടുകളിൽ 43.39 ലക്ഷം രൂപ അടങ്കലുള്ള 19 പ്രോജക്ടുകൾ പൂർത്തിയാക്കി ധനവിനിയോഗം നടത്തിയില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

ക്രമ നം.	പ്രോജക്ട് നം., പ്രോജക്ടിന്റെ പേര്	അടങ്കൽ	നിർവ്വഹണ ഉദ്യോഗസ്ഥൻ ലഭ്യമാക്കിയ മറുപടി
1.	161/24 - എം.എസ്.സി. എൽ.പി.എസ്. -മന്ദപ്പുഴറോഡ്	133760	നിർമ്മാണം പൂർത്തീകരിച്ചു. ഫണ്ടിന്റെ അപര്യാപ്തതയും പൂർത്തീകരിച്ച പ്രോജക്ടുകളുടെ ബില്ലുകൾ ക്യൂവിൽ ഉൾപ്പെട്ടതുമാണ് ചെലവ് വരാതിരുന്നതിന് കാരണം.
2.	118/24 - റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കൽ	23400	AE വേരിഫിക്കേഷൻ നടന്നുകൊണ്ടിരിക്കുന്നു.
3.	154/24 - പതിയാൻപടി മണ്ണുങ്കൽപടി റോഡ്	21800	നിർമ്മാണം പൂർത്തീകരിച്ചു. ഫണ്ടിന്റെ അപര്യാപ്തതയും പൂർത്തീകരിച്ച പ്രോജക്ടുകളുടെ

			ബില്ലുകൾ ക്യൂവിൽ ഉൾപ്പെട്ടതുമാണ് ചെലവ് വരാതിരുന്നതിന് കാരണം.
4.	155 /24 - ഇടക്കര പുന്നൂരേത്ത് റോഡ്	334000	ജലജീവൻ മിഷന്റെ പ്രവൃത്തി കാരണം കാലതാമസം ഉണ്ടായി.
5.	156/24 - പള്ളിപ്പടി – കണ്ണമ്പാറ റോഡ്	152000	ജലജീവൻ മിഷന്റെ പ്രവൃത്തി കാരണം കാലതാമസം ഉണ്ടായി.
6.	157/24 - പുന്നമട്ടിൽ പടി പുത്തൻവിള കോട്ടമല റോഡ്	77099	നിർമ്മാണം പൂർത്തീകരിച്ചു. ഫണ്ടിന്റെ അപര്യാപ്തതയും പൂർത്തീകരിച്ച പ്രോജക്ടുകളുടെ ബില്ലുകൾ ക്യൂവിൽ ഉൾപ്പെട്ടതുമാണ് ചെലവ് വരാതിരുന്നതിന് കാരണം.
7.	158/24 - കോയിപ്പുറത്ത് – പൂവണ്ണത്തിൽറോഡ്	77011	നിർമ്മാണം പൂർത്തീകരിച്ചു. ഫണ്ടിന്റെ അപര്യാപ്തതയും പൂർത്തീകരിച്ച പ്രോജക്ടുകളുടെ ബില്ലുകൾ ക്യൂവിൽ ഉൾപ്പെട്ടതുമാണ് ചെലവ് വരാതിരുന്നതിന് കാരണം.
8.	123/24 - കൃഷിഭവൻ ഓഡിറ്റോറിയം ഫർണ്ണിഷിംഗും, സീലിംഗും	410000	പ്രസ്തുത സ്ഥലത്ത് ഒരു പ്രവൃത്തി നടന്നുകൊണ്ടിരിക്കുന്നതിനാൽ ആയത് പൂർത്തീകരിച്ചശേഷം പ്രവൃത്തി തുടങ്ങും.
9.	124/24 - മഹാത്മ കുടിവെള്ളപദ്ധതി	458000	രണ്ടു തവണ ടെണ്ടർ ചെയ്തെങ്കിലും ആരും ഏറ്റെടുത്തില്ല.
10.	43/24 - ചെറുവള്ളിക്കര തടത്തേൽ മണ്ണാറക്കുളഞ്ഞി റോഡ് നവീകരണം	235514	ജലജീവൻ മിഷന്റെ പ്രവൃത്തികാരണം കാലതാമസം ഉണ്ടായി.

11.	51/24 - പള്ളിപ്പടി കണ്ണംപാറ വാട്ടർടാങ്ക് റോഡ് നവീകരണം	228059	ജലജീവൻ മിഷന്റെ പ്രവൃത്തികാരണം കാലതാമസം ഉണ്ടായി.
12.	48/24 - കോയിപ്പുറത്ത് പൂവണ്ണത്തിൽറോഡ്	212862	നിർമ്മാണം പൂർത്തീകരിച്ചു. ഫണ്ടിന്റെ അപര്യാപ്തതയും പൂർത്തീകരിച്ച പ്രോജക്ടുകളുടെ ബില്ലുകൾ ക്യൂവിൽ ഉൾപ്പെട്ടതുമാണ് ചെലവ് വരാതിരുന്നതിന് കാരണം.
13.	53/24 - ഓലിക്കൽപടി -പുലിക്കൂട്ട്പാററോഡ്	118130	ജലജീവൻ മിഷന്റെ പ്രവൃത്തികാരണം കാലതാമസം ഉണ്ടായി.
14.	54/24 - വാലുപറമ്പിൽ നിരവേൽപടി റോഡ് നവീകരണം	281000	ജലജീവൻ മിഷന്റെ പ്രവൃത്തികാരണം കാലതാമസം ഉണ്ടായി.
15.	55/24 - വാലുപറമ്പിൽ കലഞ്ഞൂരേത്ത് റോഡ് നവീകരണം	90000	ജലജീവൻ മിഷന്റെ പ്രവൃത്തികാരണം കാലതാമസം ഉണ്ടായി.
16.	56/24 - കുറുപ്പ് മെമ്മോറിയൽ റോഡ് പുനരുദ്ധാരണം	558240	നിർമ്മാണം പൂർത്തീകരിച്ചു. ഫണ്ടിന്റെ അപര്യാപ്തതയും, പൂർത്തീകരിച്ച പ്രോജക്ടുകളുടെ ബില്ലുകൾ ക്യൂവിൽ ഉൾപ്പെട്ടതുമാണ് ചെലവ് വരാതിരുന്നതിന് കാരണം.
17.	60/24 - കുറുപ്പ് മെമ്മോറിയൽ റോഡിൽ കാട്ടുകല്ലിൽ ഭാഗത്ത്ഐറിഷ് ഓട	91216	നിർമ്മാണം പൂർത്തീകരിച്ചു. ഫണ്ടിന്റെ അപര്യാപ്തതയും പൂർത്തീകരിച്ച പ്രോജക്ടുകളുടെ ബില്ലുകൾ ക്യൂവിൽ ഉൾപ്പെട്ടതുമാണ് ചെലവ് വരാതിരുന്നതിന് കാരണം.

18.	78/24 - ഗ്രാമപഞ്ചായത്ത് ഓഫീസ് നവീകരണം	397705	പ്രവൃത്തിനടന്നു കൊണ്ടിരിക്കുകയാണ്.
19.	80/24 - അംഗനവാടി നമ്പർ 37 കെട്ടിട നവീകരണം	439000	പ്രവൃത്തിനടന്നു കൊണ്ടിരിക്കുകയാണ്.

മുൻ വർഷം നടപ്പിലാക്കാത്ത പ്രോജക്കുകൾ സ്പിൽ ഓവറിൽ ഉൾപ്പെടുത്തിയതായി അസി.എഞ്ചിനീയർ അറിയിച്ചു. സ്പിൽ ഓവർ പ്രോജക്കുകൾ അത് സ്പിൽ ഓവറാകുന്ന വർഷം തന്നെ നടപ്പിലാക്കുന്നതിന് സവിശേഷ ശ്രദ്ധ പതിപ്പിക്കേണ്ടതാണ്. പശ്ചാത്തല മേഖലയിലെ റോഡ് നിർമ്മാണം ഉൾപ്പടെയുള്ള പ്രവൃത്തികൾ സമയബന്ധിതമായി നടപ്പിലാക്കാതിരിക്കുന്നത് ജനങ്ങൾക്ക് സമയബന്ധിതമായി ലഭിക്കേണ്ട സേവനം ലഭിക്കാതിരിക്കുന്നതിന് ഇടയാക്കുന്നു. പദ്ധതി നിർവ്വഹണം സാമ്പത്തിക വർഷാന്ത്യത്തിലേക്ക് വലിച്ചിഴക്കുകയും, വർക്ക് ബില്ലുകൾ ട്രഷറിയിൽ ക്യൂവിലാകുകയും ചെയ്യുന്ന പ്രവണത അഭിലഷണീയമല്ല. പദ്ധതികൾ പ്രോജക്ടിലെ നിർവ്വഹണ കലണ്ടർ അനുസരിച്ച് നിർവ്വഹിക്കപ്പെടുന്നുവെന്ന് ബന്ധപ്പെട്ടവർ ഉറപ്പാക്കേണ്ടതാണ്.

1-31 ഐ.സി.ഡി.എസ്. സൂപ്പർവൈസർ ആവിഷ്ക്കരിച്ച 4 പ്രോജക്കുകൾ നടപ്പാക്കിയില്ല

ഐ.സി.ഡി.എസ്. സൂപ്പർവൈസർ നിർവ്വഹണം നടത്തുന്നതിനായി 2023-24 വർഷം ആവിഷ്ക്കരിച്ച 8 പ്രോജക്കു കളിൽ 4 എണ്ണം മാത്രമേ തൻവർഷം നടപ്പാക്കിയിട്ടുള്ളു. നടപ്പാക്കാത്ത പ്രോജക്കുകളുടെ വിവരം ചുവടെ ചേർക്കുന്നു.

പ്രോജക്ട് നമ്പർ	പ്രോജക്ട്	അടങ്കൽ തുക	ഫണ്ട് ഇനം	തുക ചെലവഴിക്കാത്തതിന് നിർവ്വഹണ ഉദ്യോഗസ്ഥ നൽകിയ മറുപടി
82/24	അങ്കണവാടികൾക്ക് ഫർണ്ണിച്ചർ വാങ്ങൽ	100000	മെയിന്റനൻസ് ഗ്രാന്റ് –	ഫണ്ട് ലഭ്യമായില്ല

			റോഡിതരം	
83/24	അംഗനവാടികൾക്ക് ഗ്യാസ് കണക്ഷനും, പാചക ഉപകരണങ്ങളും	100000	”	ഫണ്ട് ലഭ്യമായില്ല
99/24	അങ്കണവാടികളുടെ അധിക വാടക	20000	”	ഫണ്ട് ലഭ്യമായില്ല
42/24	ഭിന്നശേഷിക്കാർക്ക് സഹായ ഉപകരണങ്ങൾ	400000	”	ഉപകരണങ്ങൾ വിതരണം ചെയ്തു. പക്ഷേ തുക മാറി നൽകിയില്ല.

പദ്ധതികൾ എല്ലാംതന്നെ 2024-25 വർഷം സ്പിൽ ഓവർ പദ്ധതികളിൽ ഉൾപ്പെടുത്തിയിട്ടുള്ളവയാണെന്ന് ഐ.സി.ഡി.എസ്. സൂപ്പർവൈസർ അറിയിച്ചു. ഭിന്നശേഷികക്കാർക്ക് സഹായ ഉപകരണങ്ങൾ വിതരണം ചെയ്യുന്ന പദ്ധതിയുടെ ബിൽ തുക ട്രഷറിയിൽനിന്നും മാറി നൽകാൻ കഴിയാതിരുന്നത് വീഴ്ചയാണ്. വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തുന്ന പ്രോജക്ടുകൾ പൂർണ്ണമായി നടപ്പിലാക്കി ഫണ്ട് വിനിയോഗിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

1-32 വനിതാ ഘടകപദ്ധതി- നിർദ്ദേശങ്ങൾ പാലിക്കുന്നില്ല

പ്രോജക്ടുകൾ തയ്യാറാക്കുമ്പോൾ പദ്ധതി നിർവ്വഹണ മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കുന്നില്ല. വനിതാ ഘടക പദ്ധതി തുക സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമായാണ് ചെലവഴിച്ചിട്ടുള്ളത്. ഗ്രാമപഞ്ചായത്തിൽ വനിതാ ഘടകപദ്ധതിയിൽ ഉൾപ്പെടുത്തി ചുവടെ ചേർത്തിരിക്കുന്ന പ്രോജക്ടുകളാണ് നടപ്പാക്കിയിട്ടുള്ളത്.

പ്രോജക്ട് നം.	പ്രൊജക്ട്	അടങ്കൽ	ചെലവ്
6/24	വിഷരഹിത പച്ചക്കറി ഗ്രാമം	400000	400000

7/24	കുരുമുളക് കൃഷിവികസനം	143666	143600
11/24	ഫലവൃക്ഷ കൃഷി വ്യാപനം	46500	24750
18/24	ഇടവിള കൃഷി	200000	200000
86/24	മുട്ടക്കോഴി വളർത്തൽ	205200	191400

പദ്ധതി നിർവ്വഹണ മാർഗ്ഗരേഖയിൽ [സ.ഉ.(കൈ.)നം.84/2022/ത.സ്വ.ഭ.വ., തീ. 19-4-2022, ഖ:6-3] വനിതാ ഘടകപദ്ധതിയിൽ ഉൾപ്പെടുത്തേണ്ട പ്രോജക്ടുകൾ സംബന്ധിച്ച് വിശദമായി പ്രതിപാദിച്ചിട്ടുണ്ട്. വനിതാ ഘടക പദ്ധതിയിൽ പ്രോജക്ടുകൾ ഏറ്റെടുക്കുമ്പോൾ അവ വനിതകൾക്കു മാത്രം പ്രയോജനം ചെയ്യുന്ന പ്രോജക്ടുകൾ ആകണമെന്നുണ്ട്. വനിതകൾക്കും പുരുഷൻമാർക്കും ഒരേപോലെ പ്രയോജനം ചെയ്യുന്ന പ്രോജക്ടുകൾ വനിതാ ഘടക പദ്ധതിയിൽ ഉൾപ്പെടുത്തരുതെന്നാണ് മാർഗ്ഗരേഖയിൽ നിഷ്കർഷിച്ചിരുന്നത്. മേൽ പറഞ്ഞ പ്രകാരമുള്ള പദ്ധതികൾക്ക് വനിതാ ഘടക പദ്ധതി തുക വിനിയോഗിക്കുന്ന പക്ഷം പദ്ധതിയുടെ ഗുണഭോക്താക്കൾ വിധവകൾ കുടുംബനാഥയായിട്ടുള്ള കുടുംബം, കിടപ്പുരോഗിയായ ഭർത്താവുള്ള കുടുംബം തുടങ്ങിയവരായിരിക്കണം. എന്നാൽ ടി പദ്ധതികളുടെ ആനുകൂല്യം ലഭിച്ച ഗുണഭോക്താക്കൾ ആ ഗണത്തിൽപ്പെടുന്നവരായിരുന്നില്ല.

വനിതകളുടെ സാമൂഹ്യസാമ്പത്തിക പദവി ഉയർത്തുന്നതിനുള്ള പദ്ധതികളാണ് വനിതാഘടക പദ്ധതിയിൽ ഉൾപ്പെടുത്തി ആവിഷ്കരിക്കുവാൻ നിർദ്ദേശിച്ചിട്ടുള്ളത്. പദ്ധതികൾ തയ്യാറാക്കുമ്പോൾ സർക്കാർ മാനദണ്ഡങ്ങൾ കൃത്യമായി പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

1-33 ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ - ഹരിതകർമ്മസേനാ പ്രവർത്തനം - അവലോകനം

നവകേരള കർമ്മപദ്ധതിയുടെ ഭാഗമായി സംസ്ഥാനം ഏറ്റെടുത്തിട്ടുള്ള സുസ്ഥിര വികസന ലക്ഷ്യങ്ങളായ പാർപ്പിടം, കുടിവെള്ളം, മാലിന്യ സംസ്ക്കരണം, പൊതുജനാരോഗ്യം, പരിസ്ഥിതി സംരക്ഷണം തുടങ്ങിയ മേഖലകളിൽ ഗ്രാമപഞ്ചായത്ത് വിവിധ പ്രോജക്ടുകളിലൂടെ ശ്രദ്ധേയമായ നേട്ടങ്ങൾ ഇതിനോടകം കൈവരിച്ചിട്ടുണ്ട്. 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 166-ാം വകുപ്പിന് കീഴിലുള്ള മൂന്നാം പട്ടികയിൽ പ്രതിപാദിക്കുന്ന, ഗ്രാമപഞ്ചായത്തിന്റെ അനിവാര്യ ചുമതലകളിൽ ഉൾപ്പെട്ട വിഷയമാണ് മാലിന്യ സംസ്ക്കരണം. മുൻകാലങ്ങളിൽ നിരത്തുകൾ വൃത്തിയാക്കുന്നതിൽ

മാത്രം ഒതുങ്ങി നിന്നിരുന്ന മാലിന്യ സംസ്ക്കരണ നടപടികൾ നിലവിൽ അവയുടെ ഉറവിടങ്ങളിലേക്ക് എത്തി ശാസ്ത്രീയമായി സംസ്ക്കരിച്ച് പരിസ്ഥിതിയ്ക്ക് അനുയോജ്യമായ രീതിയിൽ പരിപാലിയ്ക്കുന്ന നിലയിലേയ്ക്ക് എത്തിച്ചേർന്നിട്ടുണ്ട്. "എന്റെ മാലിന്യം എന്റെ ഉത്തരവാദിത്ത്വം" എന്ന മുദ്രാവാക്യം ജനങ്ങളിൽ മാലിന്യ സംസ്ക്കരണത്തിന്റെ അനിവാര്യത ബോധ്യപ്പെടുത്തുന്നതിൽ ഏറെ സഹായകരമായിട്ടുണ്ട്. പതിമൂന്ന് വാർഡുകൾ ഉൾക്കൊള്ളുന്ന ഗ്രാമപഞ്ചായത്തിൽ ആകെ 3295 വീടുകളും 219 വാണിജ്യ സ്ഥാപനങ്ങളുമാണുള്ളത്. ആകെ ജനസംഖ്യ 10258 ആണ്. 13 വാർഡുകളിലേക്കായി 25 ഹരിതകർമ്മ സേനാംഗങ്ങൾ മാലിന്യ സംസ്കരണത്തിൽ പങ്കാളികളാകുന്നു. 6-ാം വാർഡിൽ ഒരംഗവും, ബാക്കിയുള്ള വാർഡുകളിൽ രണ്ടു വീതവും ഹരിത കർമ്മസേനാംഗങ്ങൾ പ്രവർത്തിക്കുന്നു. ഗ്രാമപഞ്ചായത്തിലെ പകുതിയോളം വീടുകളുടെ ഉടമസ്ഥർ വിദേശത്തായതിനാൽ വീടുകൾ അടഞ്ഞുകിടക്കുന്ന അവസ്ഥയായതിനാൽ ഹരിതകർമ്മസേനയുടെ പ്രവർത്തനം പൂർണ്ണമായും പ്രയോജനപ്പെടുത്താൻ സാധിക്കുന്നില്ല.

<u>മാലിന്യസംസ്ക്കരണവുമായി ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്ത് ഏർപ്പെടുത്തിയിട്ടുള്ള അടിസ്ഥാന സംവിധാനങ്ങൾ</u>

നിലവിൽ ഗ്രാമപഞ്ചായത്തിൽ എം.സി.എഫ്. മേക്കൊഴൂർ എന്ന സ്ഥലത്ത് വാടകയ്ക്കാണ് പ്രവർത്തിക്കുന്നത്. പരിമിതമായ സൗകര്യങ്ങളോടെ പ്രവർത്തിക്കുന്ന എം.സി.എഫി-ൽ ഹരിത കർമ്മസേന ശേഖരിക്കുന്ന മാലിന്യങ്ങൾ തരംതിരിക്കുന്നതിനുള്ള സൗകര്യം ഇല്ല. ഗ്രാമപഞ്ചായത്തിലെ എല്ലാ വാർഡിലും മിനി എം.സി.എഫുകൾ (13 എണ്ണം) സ്ഥാപിച്ചിട്ടുണ്ട്. ഹരിതകർമ്മസേന ശേഖരിക്കുന്ന മാലിന്യം മിനി എം.സി.എഫുകളിൽ ശേഖരിച്ച് തരം തിരിച്ച് മെയിൻ എം.സി.എഫിൽ എത്തിക്കുകയും തുടർന്ന് ക്ലീൻ കേരള കമ്പനിക്ക് കൈമാറുകയുമാണ് ചെയ്യുന്നത്. ക്ലീൻകേരള കമ്പനി സമയബന്ധിതമായി മാലിന്യങ്ങൾ കൊണ്ടുപോകുന്നുണ്ട്.

ശുചിത്വ മിഷൻ നിഷ്കർഷിക്കുന്ന മാനദണ്ഡങ്ങൾ പാലിക്കുന്നതിന്റെ ഭാഗമായി, ടിപ്പിംഗ് ഏരിയ, സോർട്ടിംഗ് എരിയ, സ്റ്റോറേജ് എരിയ, മെഷിനറി ഏരിയ, ശുചിമുറി, ശുദ്ധജലം തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങളോടുകൂടി എം.സി.എഫിനായി പുതിയൊരു കെട്ടിടത്തിന്റെ നിർമാണം മേക്കൊഴൂർ മാർക്കറ്റിൽ ആരംഭിച്ചിട്ടുണ്ട്. ഭിത്തി നിർമ്മാണം, മേൽക്കൂര എന്നിവ പൂർത്തീകരിച്ച കെട്ടിടത്തിൽ വെള്ളം, വൈദ്യുതി എന്നീ സൗകര്യങ്ങളും ആവശ്യമായ മെഷിനറിയും സ്ഥാപിച്ച് പ്രവർത്തനസജ്ജമാക്കേണ്ടതാണ്.

ഹരിതകർമ്മസേനയുമായി ബന്ധപ്പെട്ട് കഴിഞ്ഞ അഞ്ച് വർഷങ്ങളിലായി ഗ്രാമപഞ്ചായത്ത് ആവിഷ്കരിച്ച് നടപ്പാക്കിയ പ്രോജക്ടുകളുടെ വിവരം ചുവടെ ചേർക്കുന്നു

വർഷം	പ്രോജക്ട്	അടങ്കൽ	ചെലവ്
2018-19	ഹരിതകർമ്മസേനക്ക് ധനസഹായം (58/19)	301275	35488
2019-20	ഹരിതകർമ്മസേന പ്രവർത്തന ചെലവ് (137/20)	251063	6248
2020-21	വയബിലിറ്റി ഗ്യാപ്പ് ഫണ്ട് (169/21)	15000	15000
	ഹരിതകർമ്മസേനയ്ക്ക് ഉപകരണങ്ങൾ (179/21)	25000	24993
2023-24	ഹരിതകർമ്മസേന സ്മാർട്ട് ഗാർബേജ് മോണിട്ടറിംഗ് സിസ്റ്റം (120/24)	154900	147900
	ഹരിതകർമ്മസേനക്ക് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കൽ (127/24) പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തൽ (84/22)	60000	58200
	ലെഗസി മാലിന്യം കൊണ്ടുപോയതിന് ക്ലീൻ കേരള കമ്പനിക്ക് നൽകുന്നത്	40000	20000

ഹരിത കർമസേന പ്രവർത്തനങ്ങൾ

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 12.08.2020-ലെ ജി.ഒ.(ആർ.ടി.)നം.1496/2020 നമ്പർ ഉത്തരവ് പ്രകാരം രൂപീകൃതമായ ഹരിത കർമസേനയുടെ പ്രവർത്തനങ്ങൾ മാലിന്യ സംസ്ക്കരണ മേഖലയിൽ വിപ്ലവകരമായ മാറ്റങ്ങളാണ് വരുത്തിയിട്ടുള്ളത്. 25 ഹരിത കർമ്മ സേനാംഗങ്ങളാണ് നിലവിലുള്ളത്. സ്മാർട്ട് ഗാർബേജ് ആപ്പ് മുഖേന മാലിന്യ ശേഖരണത്തിൽ സാങ്കേതിക വിദ്യയുടെ വിന്യാസവും സാധ്യമാക്കിയിട്ടുണ്ട്. നിലവിൽ സ്ഥിര താമസമുള്ള 3295 വീടുകളിൽ 2873 വീടുകളിൽ ക്യൂ.ആർ. കോഡ് പതിപ്പിക്കൽ പൂർത്തിയായി മാലിന്യ ശേഖരണത്തിന് സജ്ജമാക്കി. സ്മാർട്ട് ഗാർബേജ് സിസ്റ്റം വഴി വീടുകളിൽനിന്നും 60 രൂപ, സ്ഥാപനങ്ങളിൽ നിന്നും 100 രൂപ എന്ന നിരക്കിൽ യൂസർ ഫീ ഈടാക്കി വീടുകളിൽ നിന്നും, വ്യാപാര സ്ഥാപനങ്ങളിൽ നിന്നും അജൈവ മാലിന്യങ്ങൾ (പ്ലാസ്റ്റിക്,

കുപ്പിച്ചില്ല്, റബ്ബർ ഉത്പന്നങ്ങൾ മുതലായവ) ശേഖരിച്ച് മിനി എം.സി.എഫുകളിൽ തരംതിരിച്ച് സൂക്ഷിക്കുകയും തുടർന്ന് മെയിൻ എം.സി.എഫ്-ൽ എത്തിച്ച് ക്ലീൻ കേരള കമ്പനിയ്ക്ക് കൈമാറുകയും ചെയ്യുന്നു. ക്ലീൻ കേരള കമ്പനിക്ക് തരം തിരിച്ച പ്ലാസ്റ്റിക്ക്, ലെഗസി വേസ്റ്റ് എന്നിവ കൈമാറിയതിന്റെ വിവരം ചുവടെ ചേർക്കുന്നു.

വർഷം	പ്ലാസ്റ്റിക് (Kg.)	ലെഗസി വേസ്റ്റ് (Kg.)
2020-21	750	--
2021-22	493	--
2022-23	3442	--
2023-24	2228	2000

എന്നാൽ ഇതിലൂടെ ലഭ്യമാവുന്ന വരുമാനം/ചെലവ് സംബന്ധിച്ച കണക്കുകൾ ക്ലീൻ കേരള കമ്പനി നൽകിയിട്ടില്ല. ഉപഭോക്താക്കൾക്ക് ഗ്രീൻ കാർഡും വിതരണം ചെയ്യുന്നു. ഹരിത കർമ്മ സേനയുടെ പ്രവർത്തനം സ്വീകരിക്കാൻ വിമുഖത കാട്ടുന്നവർക്ക് ഗ്രാമപഞ്ചായത്തിൽ നിന്നുള്ള സേവനം നിയന്ത്രിക്കുന്നത് അടക്കമുള്ള നടപടികളിലൂടെ മാലിന്യ സംസ്ക്കരണത്തിന്റെ പ്രാധാന്യം ബോധ്യപ്പെടുത്താനും പങ്കാളിത്തം ഉറപ്പ് വരുത്താനും കഴിഞ്ഞിട്ടുണ്ട്.

<u>മാലിന്യങ്ങൾ വലിച്ചെറിയുന്നത് നിയന്ത്രിക്കുന്നതിന് പാരിതോഷികം</u>

ജൈവ മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ സംസ്ക്കരിക്കുന്നതിനും പ്ലാസ്റ്റിക്, കുപ്പിച്ചില്ല്, റബ്ബർ ഉത്പന്നങ്ങൾ തുടങ്ങിയ അജൈവ മാലിന്യങ്ങൾ വൃത്തിയാക്കി ശേഖരിച്ച് ഹരിത കർമസേനയ്ക്ക് കൈമാറുന്നതിനും അവ കത്തിച്ചുള്ള അന്തരീക്ഷ മലിനീകരണം നിയന്ത്രിക്കുന്നതിനും നോട്ടീസ് മുഖേനയും, വാർഡ് തല സാനിറ്റേഷൻ സമിതി മുഖേനയും, ഗ്രാമസഭകൾ മുഖേനയും, ബോധവത്ക്കരണം നടത്തുന്ന പ്രവർത്തനങ്ങൾ ആവിഷ്ക്കരിച്ചിട്ടുണ്ട്. മാലിന്യം കത്തിച്ചതിനും അലക്ഷ്യമായി വലിച്ചെറിഞ്ഞതിനും ഇതിനോടകം പിഴയായി ₹55,500 ഈടാക്കിയിട്ടുണ്ട്.

<u>മാലിന്യശേഖരണത്തിലെ കാര്യക്ഷമത</u>

മാലിന്യ ശേഖരണത്തിനായി ചുവടെ ചേർത്തിരിക്കുന്ന രീതിയിൽ കലണ്ടർ തയ്യാറാക്കിയിട്ടുണ്ട്.

ഇനം	ശേഖരിക്കുന്ന മാസം

പേപ്പർ, പ്ലാസ്റ്റിക്	എല്ലാ മാസവും
ചെരുപ്പ്, ബാഗ്	ജനുവരി, ഏപ്രിൽ, ജൂലൈ, ഒക്ടോബർ
കണ്ണാടി, കുപ്പി, ചില്ല് മാലിന്യങ്ങൾ	ഫെബ്രുവരി, മെയ്, ഓഗസ്റ്റ്, നവംബർ
ഇ-മാലിന്യം	മാർച്ച്, ജൂൺ, ഡിസംബർ
മരുന്ന് സ്ട്രിപ്പുകൾ	ജനുവരി, മാർച്ച്, ജൂൺ, സെപ്റ്റംബർ, ഡിസംബർ
തുണി	ഏപ്രിൽ, സെപ്റ്റംബർ

എന്നാൽ കലണ്ടർ അടിസ്ഥാനപ്പെടുത്തിയുള്ള മാലിന്യ ശേഖരം പൂർണമായി നടപ്പിൽ വരുത്താൻ കഴിഞ്ഞിട്ടില്ല. മാലിന്യ നിയന്ത്രണത്തിൽ ഓരോ ഭവനത്തെയും സ്ഥാപനത്തെയും പങ്കാളിയാക്കാൻ കെൽട്രോൺ സഹായത്തോടെ ക്യൂ.ആർ കോഡ് പതിക്കുകയും സർട്ടിഫിക്കറ്റുകളുടെ ആവശ്യത്തിനായി യൂസർഫീ കാർഡ് നിർബന്ധമാക്കുകയും ചെയ്തിട്ടുണ്ട്. ജൈവമാലിന്യങ്ങൾ ഉറവിടത്തിൽതന്നെ സംസ്കരിക്കുന്നു.

50 മൈക്രോണിൽ കുറവ് കനമുള്ള പ്ലാസ്റ്റിക് ക്യാരി ബാഗുകളുടെ നിരോധനം, കൃത്യമായ ഇടവേളകളിൽ വ്യാപാര സ്ഥാപനങ്ങളിൽ നടത്തിയ പരശോധനകൾ, ബോധവത്ക്കരണ കാമ്പയിനുകൾ, ലഘുലേഖകളുടെ വിതരണം തുടങ്ങിയവയിലൂടെ പുനരുപയോഗ സാധ്യതയുള്ള വസ്തുക്കൾ ഉപയോഗിക്കാൻ പ്രോൽസാഹിപ്പിക്കുന്നുണ്ട്. എന്നാൽ മാലിന്യ ശേഖരണാർത്ഥം പാതയോരങ്ങളിലും പൊതു ഇടങ്ങളിലും ബിന്നുകൾ സ്ഥാപിച്ചിട്ടില്ല. നിലവിൽ ഹരിതകർമ്മസേന ശേഖരിക്കുന്ന പുനരുപയോഗ സാധ്യതയുള്ള മാലിന്യങ്ങൾ ക്ലീൻ കേരള കമ്പനിക്ക് കൈമാറുകയാണ് ചെയ്യുന്നത്.

തൊഴിൽ സൃഷ്ടിക്കൽ

25 അംഗങ്ങൾ ഉൾപ്പെടുന്ന ഹരിതകർമ്മസേനയാണ് ഗ്രാമപഞ്ചായത്തിനുള്ളത്. മാസത്തിലെ ആദ്യ 20 ദിവസങ്ങൾ മാലിന്യ ശേഖരണവും, ശേഷിക്കുന്ന ദിനങ്ങൾ മാലിന്യം തരംതിരിക്കുന്ന ജോലിയിലും അംഗങ്ങൾ ഏർപ്പെടുന്നു. ഹരിത കർമസേനയുടെ പ്രവർത്തനങ്ങളും സാമ്പത്തിക ഇടപാടുകൾ

നിയന്ത്രിക്കുന്നതിനുമായി ഹരിതകർമ കൺസോർഷ്യം നിലവിലുണ്ട്. ഇതിനായി സൗത്ത് ഇൻഡ്യൻ ബാങ്കിന്റെ മൈലപ്ര ശാഖയിൽ 35305300001088 നമ്പരായി അക്കൗണ്ട് തുടങ്ങുകയും അതിലൂടെ ഇടപാടുകൾ നടത്തുകയും ചെയ്യുന്നു. യൂസർ ഫീ ആയി പ്രതിമാസം 1 ലക്ഷം രൂപയോളം ലഭിക്കുന്നതിൽ പത്ത് ശതമാനം കൺസോർഷ്യത്തിന്റ പ്രവർത്തനങ്ങൾക്കായി നീക്കിവെച്ച ശേഷമുള്ള തുക സേനാംഗങ്ങളുടെ ശമ്പളത്തിനായി വിനിയോഗിക്കുന്നു. ഓരോ സേനാംഗത്തിനും നിലവിൽ ലഭിക്കുന്ന വരുമാനം മെച്ചപ്പെട്ടതല്ല. ശരാശരി 3,000 രൂപയോ അതിനടുത്തോ ഉള്ള തുകയാണ് അംഗങ്ങൾക്ക് വരുമാനമായി ലഭിക്കുന്നത്. അംഗങ്ങളുടെ വരുമാന വർദ്ധനവിനായി ജൈവമാലിന്യസംസ്കരണ/ജൈവവള നിർമ്മാണ പ്ലാന്റുകൾ സ്ഥാപിച്ചിട്ടില്ല.

<u>അടിസ്ഥാന സൗകര്യങ്ങൾ</u>

ശുചീകരണമേഖലയിൽ വിനിയോഗിക്കാൻ ഒരു ഇലക്ട്രിക് ഓട്ടോറിക്ഷയാണ് ഗ്രാമപഞ്ചായത്ത് അനുവദിച്ചു നൽകിയിട്ടുള്ളത്. ഹരിതകർമ്മസേനയിലെ അംഗങ്ങൾക്ക് ഡ്രൈവിംഗ് പരിശീലനം നൽകിയിട്ടില്ല. നിലവിൽ ആവശ്യമുള്ള സന്ദർഭങ്ങളിൽ ഗ്രാമപഞ്ചായത്തിന്റെ താൽക്കാലിക ഡ്രൈവറുടെ സേവനം ലഭ്യമാക്കുകയാണ് ചെയ്യുന്നത്. ഹരിതകർമ്മസേനാ കൺസോർഷ്യത്തിന്റെ ഓഫീസ് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി പ്രത്യേക സൗകര്യം അനുവദിച്ച് നൽകിയിട്ടില്ല. നിലവിൽ വി.ഇ.ഒ-യുടെ ഓഫീസ് ഉപയോഗിക്കുന്നു.

<u>പരിശീലനവും വികസനവും</u>

ഹരിതകർമ്മസേന അംഗങ്ങൾക്ക് മാലിന്യ ശേഖരണം, തരംതിരിക്കൽ എന്നീ ലക്ഷ്യങ്ങൾ മുന്നിൽക്കണ്ട് സ്മാർട്ട് ഗാബേജ് ആപ്പിന്റെ പ്രവർത്തനം സംബന്ധിച്ച് കെൽട്രോണും, മാലിന്യം തരംതിരിക്കൽ സംബന്ധിച്ച് ക്ലീൻ കേരള കമ്പനിയും പരിശീലനം നൽകിയിട്ടുണ്ട്. എന്നാൽ അതുവഴിയുള്ള പ്രവർത്തനങ്ങൾ മുന്നോട്ടുപോയിട്ടില്ല.

<u>മാലിന്യം കൈകാര്യം ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ</u>

മാലിന്യം തരംതിരിക്കുന്നവേളയിൽ സേനാംഗങ്ങളുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിനായി ഗ്ലൗസ്, മാസ്ക്, ബൂട്ട് എന്നിവ നൽകിയിട്ടുണ്ട്. കൂടാതെ ആവശ്യമായ മുൻകരുതൽ സ്വീകരിക്കുവാൻ പരിശീലനവും നൽകിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തിനെ മാലിന്യമുക്തമാക്കാൻ ഹരിതകർമ്മസേനയുടെ പ്രവർത്തനം വലിയ സഹായമാണ്. ഇതുമൂലം നിരവധി കുടുംബങ്ങൾക്ക് താരതമ്യേന കുറഞ്ഞ നിരക്കിലെങ്കിലും സ്ഥിര വരുമാനം ഉണ്ടാക്കാനായിട്ടുണ്ട്. ഹരിത കർമ്മസേനയുടെ പ്രവർത്തനം

ഗ്രാമീണ മേഖലയെ ഒരുപരിധിവരെ മാലിന്യമുക്തമാക്കുന്നതിനും ശുചിത്വത്തിന്റെ പ്രാധാന്യം പൊതുജന ശ്രദ്ധയിൽ കൊണ്ടുവരുന്നതിനും സാധിക്കുന്നുവെന്ന് ഓഡിറ്റ് നിരീക്ഷിക്കുന്നു. ഗ്രാമപഞ്ചായത്തിലെ എല്ലാ പൗരൻമാരും മാലിന്യസംസ്കരണത്തിൽ പങ്കാളികളായെങ്കിൽ മാത്രമേ പദ്ധതികളിലൂടെ പ്രതീക്ഷിക്കുന്ന ലക്ഷ്യം നേടാൻ സാധിക്കുകയുള്ളു. അലക്ഷ്യമായി മാലിന്യങ്ങൾ കൈകാര്യം ചെയ്യുന്നവർക്കെതിരെയുള്ള ശിക്ഷണനടപടികൾ കാര്യക്ഷമമാക്കാൻ ഹരിത കർമ്മസേനയെ കൂടുതൽ സജ്ജരാക്കുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

<u>ഹരിത കർമ്മസേനാ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനുള്ള ശുപാർശകൾ</u>

- സ്മാർട്ട് ഗാർബേജ് പദ്ധതിക്കായി ഗണ്യമായ തുകകൾ ചെവഴിച്ച് ക്യു.ആർ. കോഡ് പതിക്കുകയും പരിശീലനങ്ങൾ നടത്തുകയും ചെയ്തെങ്കിലും അത് പൂർണ്ണമായും ഫലപ്രാപ്തിയിലെത്തിയിട്ടില്ല. യൂസർ ഫീ കളക്ഷൻ, മാലിന്യക്കൈമാറ്റ പ്രക്രിയകൾ ഓൺലൈൻ സംവിധാനത്തിലേക്ക് മാറ്റുന്നതിനാവിഷ്ക്കരിച്ച പദ്ധതി പ്രവൃത്തിപഥത്തിലെത്തിക്കാൻ അടിയന്തിര ശ്രമങ്ങൾ നടത്തേണ്ടതുണ്ട്.
- മെച്ചപ്പെട്ട വരുമാന സാധ്യതകൾ കണ്ടെത്താനാവാത്തതിനാൽ ഹരിത കർമ്മസേനാംഗങ്ങൾ പിൻവലിയുന്ന സാഹചര്യമുണ്ട്. ജൈവവളം നിർമാണം, കുടുംബശ്രീ മുഖേന പാഴ്വസ്തുക്കളുടെ റീസൈക്ലിംഗിനും മറ്റുമുള്ള സംരംഭങ്ങൾ തുടങ്ങുന്നതിനുള്ള പരിശീലനം, ധനസഹായം എന്നിവ മെച്ചപ്പെട്ട വരുമാനം പ്രദാനം ചെയ്യുന്നതിനായി പരിഗണിക്കാവുന്നതാണ്.
- പ്രവർത്തന കലണ്ടർ അനുസരിച്ച് വിവിധ മാലിന്യങ്ങളുടെ ശേഖരണം കർശനമാക്കി ഗാർഹിക-വാണിജ്യ സ്ഥാപനങ്ങളിൽ അവ കെട്ടിക്കിടക്കുന്നത് ഒഴിവാക്കാവുന്നതാണ്.
- പൊതു സ്ഥലങ്ങളിൽ മാലിന്യങ്ങൾ വലിച്ചെറിയുന്നവർക്കെതിരെ 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 220(C) അനുസരിച്ചുള്ള ശിക്ഷാ രീതികൾ കർശനമാക്കേണ്ടതാണ്.
- ഹരിത കർമ്മസേനാംഗങ്ങൾക്ക് ആരോഗ്യ പരിരക്ഷാ പദ്ധതികൾ, ഇ.എസ്.ഐ സൗകര്യം, നിശ്ചിത കാലയളവിൽ സൗജന്യ ആരോഗ്യ പരിശോധനകൾ എന്നിവ ഉറപ്പു വരുത്താവുന്നതാണ്.
- വിവാഹ സത്ക്കാരങ്ങൾ, ഉത്സവാഘോഷങ്ങൾ എന്നിവ ഹരിത പെരുമാറ്റ ചട്ടം (Green Protocol) പാലിക്കുന്നുവെന്ന് ഉറപ്പു വരുത്താൻ ഹരിതകർമ സേനാംഗങ്ങളുടെ സേവനം പ്രയോജനപ്പെടുത്താവുന്നതാണ്.

- ഹരിത കർമ്മസേനാംഗങ്ങളുടെ തൊഴിൽ മാന്യത ഉറപ്പുവരുത്തുന്നതിനാവശ്യമായ നടപടികൾ തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ സ്വീകരിക്കേണ്ടതാണ്.
- ഹരിത കർമ്മസേനാംഗങ്ങൾക്കിടയിലുള്ള പരാതികൾ പരിഹരിക്കുന്നതിന് ഒരു പരാതി പരിഹാര സമിതി രൂപീകരിക്കാവുന്നതാണ്.
- ഹരിത കർമ്മസേനാ പ്രവർത്തനങ്ങൾക്ക് ഈടാക്കുന്ന യൂസർഫീസ് ഒടുക്കാൻ വിസ്സമ്മതിക്കുന്നവർക്കെതിരെ സേവനവിലക്കുൾപ്പടെയുള്ള നടപടികൾ തദ്ദേശസ്വയംഭരണ സ്ഥാപന തലത്തിൽ സ്വീകരിക്കാവുന്നതാണ്.
- ഹരിത കർമ്മസേനാംഗങ്ങൾക്ക് വരുമാനദായകമായ സംരംഭങ്ങൾ തുടങ്ങാൻ ധനസഹായം അനുവദിക്കുന്ന പ്രോജക്റ്റുകൾ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്താവുന്നതാണ്.

1-34 വിവിധ പദ്ധതികൾ പ്രകാരം മരുന്നുകൾ ലഭ്യമാക്കാൻ അവശേഷിക്കുന്നു

പി.എച്ച്.സി. മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ വിവിധ പദ്ധതികളിലായി, മരുന്നുകളും മെഡിക്കൽ, പാലിയേറ്റീവ് ഉപകരണങ്ങളും വാങ്ങുന്നതിന് കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് മുൻകൂറായി തുക നൽകിയിട്ടുണ്ട്. എന്നാൽ മുൻകൂർ നൽകിയ തുകയ്ക്ക് പൂർണ്ണമായി മരുന്നുകളും മെഡിക്കൽ ഉപകരണങ്ങളും ലഭ്യമായിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

ക്രമ നം.	പ്രോജക്റ്റിന്റെ വിവരം	മുൻകൂർ നൽകിയ തുക	മരുന്ന് ലഭിച്ചത്	അവശേഷിക്കുന്നത്
1	26/24 – പി.എച്ച്.സിയിലേക്ക് മരുന്ന് വാങ്ങൽ	270000	171946	98054
2	25/24 – പാലിയേറ്റീവ് കെയർ	83937	44571	39366

3	142/24 – ഹെൽത്ത് & വെൽനെസ്സ് കുടുംബാരോഗ്യകേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും പ്രവർത്തനങ്ങൾ നടപ്പാക്കൽ	22568	20012	2556
		140323	--	140323
4	111/24 – ആരോഗ്യ സ്ഥാപനങ്ങളിൽ രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ	75934	56476	19458

കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽനിന്ന് ലഭിക്കുവാൻ അവശേഷിക്കുന്ന മരുന്നുകൾ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

ഭാഗം -2

വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -3

ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -4

പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

വിഹിതം നൽകിയ സ്ഥാപനം	ലഭിച്ച തുക	പ്രോജക്ടിന്റെ പേര്	ചെലവ്	നീക്കിയിരിപ്പ്
കോന്നി ബ്ലോക്ക് പഞ്ചായത്ത്	40000	വന്യ മൃഗങ്ങളിൽ നിന്നും വിളകൾക്ക് സംരക്ഷണം (S0143)	40000	ഇല്ല
,,	46200	നിർമ്മൽ ഗ്രാമം നിർമ്മൽ നഗരം നിർമ്മൽ ജില്ല - ടോയ് ലറ്റ് റെട്രോഫിറ്റിംഗ് (S0140)	46200	,,
,,	65210	പാലിയേറ്റീവ് കെയർ (S0025)	65210	,,
,,	66000	ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് (S0036)	66000	,,
,,	120000	ലൈഫ് മിഷൻ ഭവന പദ്ധതി പട്ടികജാതി (S0089)	120000	,,

,,	250000	വിഷ രഹിത പച്ചകറി ഗ്രാമം (S0006)	250000	,,
,,	372385	പി എച്ച് സിയിൽ ടൊയ് ലറ്റ് നിർമ്മാണം (S0116)	372385	,,
,,	1168000	ലൈഫ് മിഷൻ-ജനറല് (S0024)	1168000	,,
ജില്ലാ പഞ്ചായത്ത്	80380	പാലിയേറ്റീവ് കെയർ (S0025)	80380	,,
,,	188000	ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് (S0036)	188000	,,
,,	100000	ലൈഫ് മിഷൻ ഭവന പദ്ധതി പട്ടികജാതി (S0089)	100000	,,
,,	550000	ലൈഫ് മിഷൻ-ജനറൽ (S0024)	550000	,,

4-2 നിക്ഷേപ പ്രവൃത്തികൾ

ഓഡിറ്റ് വർഷം നിക്ഷേപ പ്രവൃത്തിക്കായി ചെലവഴിച്ച തുകകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം	പദ്ധതിയുടെ പേര്	ഏജൻസി	തുക	വിനിയോഗ സാക്ഷ്യപത്രം ലഭിച്ചത് പ്രകാരം ചെലവ്	നീക്കിയിരിപ്പ്

1	103/24 – മൈലപ്ര ഗ്രാമപഞ്ചായത്ത് 11-ാം വാർഡിന്റെ വിവിധ ഭാഗങ്ങളിൽ സ്ട്രീറ്റ് ലൈൻ വലിക്കൽ	KSEB	1,04,749	ഇല്ല	1,04,749

4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

4-4 വായ്പ / വായ്പാതിരിച്ചടവ്

വായ്പയുടെ പേര്/ ഉദ്ദേശ്യം	വായ്പ തുക (2022-23 വരെ)	തൻവർഷം ലഭിച്ചത്	വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക	തൻവർഷം തിരിച്ചടച്ച തുക		വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക
				മുതൽ	പലിശ	
ലൈഫ് ഭവന പദ്ധതി	18,00,000	15,00,000	6,82,854	4,57,146	--	17,25,708

4-5 സ്ഥിര നിക്ഷേപം

ഇല്ല

4-6 ഓഡിറ്റ് റിക്കവറി

ഇല്ല

4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശങ്ങൾ

ഓഡിറ്റ് വർഷം	ഖണ്ഡിക	സമാഹൃത റിപ്പോർട്ട് വർഷം, ഖണ്ഡിക	വിഷയം	നിലവിലെ അവസ്ഥ	റിമാർക്ക്സ്
2001-02	ഖ: 38	2003-04 ഖ. 3.3.7 (മറ്റ് പരാമർശങ്ങൾ)	പേഴും കാട് വട്ടാംകുഴി കലുങ്ക് നിർമ്മാണം	നിർമ്മാണം പൂർത്തീകരിച്ചതിന്റെ രേഖകൾ ഓഡിറ്റ് വകുപ്പിന് ഹാജരാക്കുന്നതിന് സമിതി നിർദ്ദേശിച്ചിരുന്നു.(16-19 നിയമസഭാസമതിയുടെ 10-ാമത് റിപ്പോർട്ട്).	രേഖകൾ ഹാജരാക്കിയില്ല. രേഖകൾ അടിയന്തിരമായി ഹാജരാക്കേണ്ടതാണ്.
1998-99		2000-01 VI.13	മരാമത്ത് പണികൾ- മൂല്യത്തിൽ അധികമായി തുക ചെലവഴിച്ചു. Rs. 39222	ഉത്തരവാദിയായ സെക്രട്ടറി ശ്രീ ജോസിനെതിരെ വകുപ്പുതല അച്ചടക്ക/ നിയമ നടപടികൾ സ്വീകരിക്കുന്നതിന് സമിതി ശുപാർശ ചെയ്തിരുന്നു (2006-08 ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ 8-ാമത് റിപ്പോർട്ട്). എന്നാൽ ഈ	സമിതിയുടെ നിർദ്ദേശാനുസരണം സ്വീകരിച്ചിട്ടുള്ള വകുപ്പ് തല നടപടിയുടെ വിവരം ലഭ്യമാക്കി പരാമർശം തീർപ്പാക്കേണ്ടതാണ്.

				വിഷയത്തിൽ സ്വീകരിച്ച നടപടികളുടെ വിവരം ലഭ്യമായിട്ടില്ല.	

4-8 ചാർജ്/സർചാർജ് നടപടികളിലൂടെ നഷ്ടം ഈടാക്കിയതിന്റെ വിവരം

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 16 പ്രകാരം ചാർജ്-സർചാർജ് നടപടികൾ സ്വീകരിച്ചതിന്റെയും തുക ഈടാക്കിയതിന്റെയും പുരോഗതി വിവരം താഴെ കൊടുക്കുന്നു.

(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

4-9 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

	റസീപ്റ്റ് & പേയ്മെന്റ് പ്രകാരം	ഇൻകം & എക്സ്പെൻഡിച്ചർ പ്രകാരം
ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ)	3,00,35,224	6,31,05,253
ഓഡിറ്റ് വർഷത്തെ ആകെ ചെലവ്	2,05,96,399	6,32,27,981
വരവിനങ്ങളിലുള്ള നഷ്ടം	ഇല്ല	
ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത	ഇല്ല	

തുക (കേന്ദ്ര-സംസ്ഥാന സർക്കാരിനുള്ള നഷ്ടം ഉൾപ്പെടെ)	
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	ഇല്ല

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

തടസ്സപ്പെട്ടുത്തിയ തുക

ഇല്ല

സി) കേന്ദ്ര സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഡി) നഷ്ടം നിജപ്പെട്ടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസം

ബാധകമല്ല

4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

വർഷം	ഓഡിറ്റ് റിപ്പോർട്ട് നം./ തീയതി	തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം

1997-98	എൽ.എഫ്.പി.റ്റി.എ.പി2-194/02, തീ. 15-01-2002	13
1998-99	എൽ.എഫ്.പി.റ്റി.എ.പി2-673/01, തീ. 13-11-2001/ 29-12-2001	7
2000-01	എൽ.എഫ്.പി.റ്റി.എ.പി2-865/01, തീയതി: 16-08-2002	3
2001-02	എൽ.എഫ്.പി.റ്റി.എ.പി2-41/03, തീയതി: 03-04-2003/ 29-11-03	1
2003-04	എൽ.എഫ്.പി.റ്റി.എ.പി2-46/05, തീയതി: 15-02-2005/12-08-2005	3
2007-08	എൽ.എഫ്.പി.റ്റി.എ.പി9-895/11, തീയതി: 08-12-2011	14
2010-11	എൽ.എഫ്.പി.റ്റി.എ.പി9-423/13, തീയതി: 06-09-2013/10-12-13	1 (3-8)
2011-12	എൽ.എഫ്.പി.റ്റി.എ.പി9-424/13, തീയതി: 11-09-2013	11 (3-6, 3-7, 3-9, 3-10, 3-11, 3-12, 3-13, 3-14, 3-15, 3-17, 3-19)
2013-14 &2014-15	കെ.എസ്.എ. പി.റ്റി.എ.പി9-329/16, തീയതി: 23-03-2016	2(3-3, 3-4)
2015-16	കെ.എസ്.എ പി.റ്റി.എ.പി9-68/17, തീ. 10-02-2017	1(3-2)

2016-17	കെ.എസ്.എ പി.റ്റി.എ.പി9-1224/17 തീ. 04-11-2017	2 (2-1, 2-3)
2017-18	കെ.എസ്.എ പി.റ്റി.എ.പി9-158/19 തീ. 01-03-2019	1(3-2)
2018-19	കെ.എസ്.എ പി.റ്റി.എ.പി9-93/20, തീ. 11-03-2020	1 (1-15)
2019-20	കെ.എസ്.എ പി.റ്റി.എ.പി9-306/22 തീ. 24-03-2022	7 (1-12, 1-15, 1-17, 1-19, 1-22, 1-24, 4-1)
2020-21	കെ.എസ്.എ പി.റ്റി.എ.പി9-665/22 തീ. 12-07-2022	1 (1-16)
2021-22	കെ.എസ്.എ.പി.റ്റി.എ.പി9-106/23 തീ. 28-03-2023	1-16, 1-17, 1-18, 1-21, 1-22, 1-25, 1-26
2022-23	കെ.എസ്.എ.പി.റ്റി.എ.പി 9-1116/23, തീ.09-11-2023	1-1-3, 1-1-5, 1-1-6, 1-1-7,1-1-8, 1-11(1),(2),(3), 1-12 മുതൽ 1-19 വരെ, 1-20, 1-22, 1-25, 1-26, 1-28

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിരനടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, പത്തനംതിട്ട

Annexure-1
Audit Certificate

i. I have audited the attached Financial statements approved vide resolution number 1 dated 1(1) dated 20-05-2024 and submitted on 20-05-2024 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2024 and Balance sheet as on 31-03-2024 , with supporting forms, of the MYLAPRA Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.
ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.
iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,
I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial

Statements give a true and fair view of financial result for the year 2023-2024 and Financial position of MYLAPRA Grama Panchayat as on 31-03-2024

Date: 31/07/2024 **Deputy Director**

Kerala State Audit Department

Audit Report appended to the Audit Certificate of MYLAPRA Grama Panchayat for the Year 2023-2024.

1.Major Observations

The asset value shown in Balance sheet is not traceable to asset register due to unsupported design of existing asset register.

2.Other Observations

1. Basic ratios as per Kerala Panchayat Raj Accounting Rules and notes on significant accounting policies were not included in
annual accounts.

2. Cash Flow Statement-Net increase in cash flow does not match with the difference between opening balance and closing balance of cash and cash equivalents.

3. Lapses in making timely and accurate demand entries in respect of tax and non tax revenue.
4. Lapsed deposits have not been 'forfeited' and transferred to the revenue head.

5. Lack of authenticated journal vouchers for supporting the adjustment entries recorded in Prior Period items.

6. Demand, Collection and Balance of property tax as per Sanchaya software do not match with Demand (Schedule I-1), Collection (Schedule RP-45) and Balance (Schedule B-15) of Annual Financial Statement.

7. An Amount of Rs.8594 is shown as balance under the head Treasury Account Of Traditional Function Fund. The accuracy of the amount could not be ascertained.

8. Demand registers are not periodically reconciled with accounts.

അനുബന്ധം-2
ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പത്തനംതിട്ട ജില്ലയിലെ മൈലപ്ര ഗ്രാമപഞ്ചായത്തിന്റെ 2023-2024 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്